JANUARY - JUNE 2024
Volume 7
Issue 1



# തീരസ്പന്ദനം

കൊല്ലം തീരത്തിന്റെ ഹൃദയമിടിപ്പുകൾ

The Newsletter of Fishermen Community Development Programme (FCDP) & Theeradesha Mahila Society (TMS), Pallithottam, Kollam. Reg Nos. Q.771/84; Q.1039/95

## എഡിറ്റോറിയൽ

തീരദേശ ജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കുന്ന FCDP സംഘടനകളുടെ (TMS, FCDS, DBYF, DBCF) കഴിഞ്ഞ 6 മാസത്തെ പ്രവർത്തനങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിൽ വളരെയേറെ സന്തോഷമുണ്ട്.

കൊല്ലം മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവനും നാ ഡിയുമായ, FCDP സ്ഥാപനത്തിന്റെ അമരക്കാരൻ ആയി കഴിഞ്ഞ 8 വർഷം നമ്മോടൊപ്പം പ്രവർത്തിച്ച ഡയറക്ടർ ഫാ. ജോബി സെ ബാസ്റ്റ്യന്റെ യാത്രയയപ്പ് ചടങ്ങിന് FCDP കുടുംബം സാക്ഷ്യം വഹിച്ചു. വേറിട്ട പ്രവർത്തനങ്ങളിലൂടെ FCDPയുടെ പ്രവർത്തനങ്ങളെ അന്താ രാഷ്ട്ര തലത്തിലേക്ക് എത്തിക്കാൻ അച്ചൻ എടുത്ത പ്രയത്നങ്ങൾ വാക്കുകൾക്ക് അതീതമാണ്. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായുള്ള WE-Autos, WE-LivE, WYEP എന്നീ പദ്ധതികളും വിശപ്പിന് വിട, ഡോൺ ബോസ്കോ യൂത്ത് ഫോറം, ഡോൺബോസ്കോ ചിൽഡ്രൻസ് ഫോറം എന്നിവയും അച്ചന്റെ പ്രവർത്തനകാലയളവിൽ ഉണ്ടായ വിജയങ്ങളാണ്.

അച്ചൻ FCDP കുടുംബത്തിനും തീരദേശ സമൂഹത്തിലെ വളർച്ചയ്ക്ക് ചെയ്ത നിസ്വാർത്ഥ സേവനത്തിന് ഒരിക്കൽ കൂടി നന്ദി പറയുന്നു. തിരുവനന്തപുരം ഡോൺബോസ്കോ വീടിന്റെ ഡയറക്ടർ ആയി സ്ഥാനം ഏൽക്കുന്ന ജോബി അച്ചന് എല്ലാം വിധ ആശംസകളും നേരുന്നു. സ്ത്രീകളെ സ്വയം പര്യാപ്തരാകുന്നതിന്റെ ഭാഗമായി ഇലക്ട്രിക് ഓട്ടോ വിതരണം, നേതൃത്വ പരിശീലന ക്ലാസുകൾ, ഫുഡ്പ്രോസസിംഗ് ക്ലാസുകൾ, യുവാക്കളെയും കുട്ടികളെയും ശാക്തീകരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി ഡോൺ ബോസ്കോ ഫെസ്റ്റ്, ഫുട്ബോൾ ടൂർണ്ണമെന്റ്, ബൈബിൾ ക്വിസ് ആപ്പ് ലോഞ്ചിങ്, വിദ്യാർത്ഥികൾക്ക് പുതിയ അധ്യായന വർഷത്തിലേക്കുള്ള പഠനോപകരണ വിതരണം എന്നിവ സംഘടിപ്പിച്ചു. അതോടൊപ്പം സംഘടനയുടെ തുടർന്നുള്ള FCDP-TMS എന്നീ സംഘടനകളുടെ പുതിയഭരണസമിതി അധികാരം ഏൽക്കുകയും ചെയ്തു.

ഇന്നോളം FCDP-TMSയുമായി സഹകരിക്കുകയും സംഘടനാ പ്രവർത്തനങ്ങളിൽ ഞങ്ങളുടെ ഒപ്പം നിന്ന് പ്രവർത്തിക്കുകയും ചെയ്ത എല്ലാവർക്കും നന്ദി പറയുന്നതോ ടൊപ്പം തുടർന്നുള്ള പ്രവർത്തനങ്ങളിൽനിങ്ങളുടെപൂർണ്ണപിന്തുണയുംസഹകരണവുംപ്രതീക്ഷിക്കുന്നു.

ആശംസകളോടെ

**Rev. Fr. Jithin Sebastian**
**Director FCDP-TMS**

## ജനുവരി 4, 2024

### ശ്രീമതി. മേരി ജോൺ കെന്നഡിക്ക് യാത്രയയപ്പ്

2024 ജനുവരി 4-ന് ശ്രീമതി. മേരി ജോൺ കെന്നഡിക്ക് യാത്രയയപ്പ് നൽകി. ശ്രീമതി. മേരി ജോൺ 2019 മുതൽ FCDP യിൽ കമ്പ്യൂട്ടർ അധ്യാപികയായും FCDPയിലെ പ്രവർത്തന കാലയളവിൽ യുവജനങ്ങൾക്കുവേണ്ടിയുള്ള ഡോൺ ബോസ്കോ യൂത്ത് ഫോറം കോർഡിനേറ്ററായും കഴിഞ്ഞ ഒരു വർഷമായി FCDP യുടെ അക്കൗണ്ടന്റ് ആയും സേവനം ചെയ്തുവരുകയായിരുന്നു. ഏകദേശം നാലര വർഷത്തെ സേവനത്തിനിടയിൽ കൊല്ലത്തെ മത്സ്യത്തൊഴിലാളി സമൂഹത്തിന് നൽകിയ കഠിനാധ്വാനത്തിനും പ്രതിബദ്ധതയ്ക്കും സംഭാവനകൾക്കും FCDP കുടുംബം ശ്രീമതി. മേരി ജോണിനോട് നന്ദി പറഞ്ഞു. ശ്രീമതി. മേരി ജോണിന്റെ ഭാവി ഉദ്യമങ്ങളിൽ FCDP കുടുംബം എല്ലാ ആശംസകളും നേർന്നു.






## ജനുവരി 12, 2024

### ഫാ. ജിതിൻ സെബാസ്റ്റ്യന്റെ ജന്മദിനാഘോഷം

2024 ജനുവരി 12-ന്, FCDP-TMS കുടുംബം ഫാ. ജിതിൻ സെബാസ്റ്റ്യന്റെ (അസിസ്റ്റന്റ്. ഡയറക്ടർ, FCDP) ജന്മദിനം ആഘോഷിച്ചു. ശ്രീമതി ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP), ശ്രീമതി വെറോണിക്ക ആന്റണി (പ്രസിഡന്റ്, TMS), ഫാ. ജോബി സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP-TMS), സിസ്റ്റർ. മേരി. കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS), എന്നിവർ അച്ചന് ആശംസകൾ നേർന്നു. ആവേശകരവും മനോഹരവുമായ DBYF അംഗങ്ങളുടെ നൃത്ത പരിപാടികൾ ഉൾപ്പെടെയുള്ള വിവിധ പരിപാടികൾ പിറന്നാൾ ദിനത്തിലെ ആഘോഷങ്ങൾക്ക് കൂടുതൽ നിറം പകർന്നു. അച്ചന്റെ സേവനങ്ങൾക്കും നിറഞ്ഞ സ്നേഹത്തിനും FCDP- TMS സ്റ്റാഫ് അംഗങ്ങൾ സ്നേഹവും നന്ദിയും അറിയിച്ചു. വരും വർഷങ്ങളിൽ അദ്ദേഹത്തിന് പൂർണ്ണ ആരോഗ്യവും അനുഗ്രഹവും നേരുന്നു.









EDITORIAL BOARD

CHIEF EDITOR
Rev. Fr. Jithin Sebastian

ASSOCCIATE EDITOR
Ms. Anna Saju

TEAM MEMBERS
Ms. Mereetta Roy, Ms. Berlin Berkman & Mr. Tony Fredy

## ജനുവരി 19, 2024

## നേതൃത്വ പരിശീലന ക്ലാസ് നടത്തി

WYEP പ്രോജക്റ്റിന്റെ ഭാഗമായി നടക്കുന്ന നേതൃത്വ പരിശീലന പരിപാടികളുടെ ഭാഗമായി 2024 ജനുവരി 19-ന് FCDP ഹാളിൽ SHG നേതാക്കൾക്കായി ഒരു നേതൃത്വ പരിശീലനം സംഘടിപ്പിച്ചു. ശ്രീമതി ആതിര വിൽസൺ (ഡ്രീം കോർഡിനേറ്റർ) ആയിരുന്നു സെഷന്റെ റിസോഴ്സ് പേഴ്സൺ. 80-ലധികം SHG നേതാക്കൾ പരിശീലനത്തിൽ പങ്കെടുത്തു. ടീമുകളെയോ ഓർഗനൈസേഷനുകളെയോ വിജയകരമായി നയിക്കാൻ ആവശ്യമായ അറിവും കഴിവുകളും ഉള്ള വ്യക്തികളെ ശാക്തീകരിക്കുക എന്നതാണ് ലക്ഷ്യം. ടീം ഡൈനാമിക്സ്: ടീം-ബിൽഡിംഗ് പ്രവർത്തനങ്ങൾ, അംഗീകൃതിവും ഏകീകൃതവുമായ തൊഴിൽ അന്തരീക്ഷം വളർത്തിയെടുക്കുക, ആശയവിനിമയ പാടവം, തീരുമാനമെടുക്കനുള്ള കഴിവ്, എന്നിവയാണ് പരിശീലനങ്ങളിൽ പ്രധാനമായും ഉൾപ്പെടുത്തിയിരുന്നത്.





## ജനുവരി 19, 2024

## അഗ്നി സുരക്ഷാ പരിശീലന ക്ലാസ് നടത്തി

2024 ജനുവരി 19-ന് FCDP ഹാളിൽ വെച്ച് FCDP യുടെയും ബിഷപ്പ് ബെൻസിഗർ ഹോസ്പിറ്റലിന്റെയും സംയുക്ത സഹകരണത്തോടെ ഫയർ ആൻഡ് സേഫ്റ്റി പരിശീലന ക്ലാസ് നടന്നു. ജോലി സ്ഥലങ്ങളിലും പൊതു ഇടങ്ങളിലുമുള്ള ജനങ്ങളുടെ സുരക്ഷയ്ക്ക് ഫയർ ആൻഡ് സേഫ്റ്റി ക്ലാസുകൾ നിർണായകമാണ്. തീപിടിത്തം തടയൽ, അടിയന്തര സാഹചര്യങ്ങളെ കൈകാര്യം പ്രതികരണം, അഗ്നിശമന ഉപകരണങ്ങളുടെ ശരിയായ ഉപയോഗം തുടങ്ങിയ അവശ്യ കഴിവുകൾ ക്ലാസിൽ പങ്കെടുത്തവർക്ക് പഠിക്കാൻ സാധിച്ചു. തീപിടിത്തങ്ങളുടെ അപകടസാധ്യത കുറയ്ക്കുന്നതിലും ആവശ്യമുള്ളപ്പോൾ പെട്ടെന്നുള്ളതും ഫലപ്രദവുമായ പ്രതികരണം ഉറപ്പാക്കുന്നതിലും ഈ ക്ലാസുകൾ ഒരു പ്രധാന പങ്ക് വഹിച്ചു.





## ജനുവരി 20, 2024

## സംരംഭകത്വ വികസന പരിപാടി EDP പരിശീലന ക്ലാസ് നടന്നു

വളർന്നുവരുന്ന സംരംഭകർക്കായി 2024 ജനുവരി 20-ന് FCDP ഹാളിൽ വെച്ച് സംരംഭകത്വ വികസന പരിപാടി സംഘടിപ്പിച്ചു. സംരംഭകർക്ക് അവരുടെ ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനമാണ് ഈ ട്രെയിനിങ്ങിലൂടെ ലക്ഷ്യമിടുന്നത്. സാമ്പത്തിക ഇടപാടുകൾ കൈകാര്യം ചെയ്യാനും, മാർക്കറ്റിംഗ് തന്ത്രങ്ങൾ, ഫലപ്രദമായ ആശയവിനിമയം തുടങ്ങിയ പ്രായോഗിക കഴിവുകൾ മെച്ചപ്പെടുത്തുവാനും പ്രോഗ്രാം ശ്രദ്ധ കേന്ദ്രീകരിച്ചു. ഈ പരിശീലനം തീരദേശ സംരംഭകരെ അവരുടെ ചുറ്റുവട്ടത്തുള്ള വെല്ലുവിളികൾ തരണം ചെയ്യുന്നതിനും, സുസ്ഥിര ബിസിനസുകൾ വളർത്തുന്നതിനും, ആവശ്യമായ ഉപകരണങ്ങൾ സജ്ജരാക്കുന്നതിനും സഹായിക്കുന്നു. പ്രസ്തുത മേഖലയിയിൽ വൈദഗ്ധ്യം നൽകുന്നതിലൂടെ, സംരംഭകരെ ശാക്തീകരിക്കാനും തീരദേശ സമൂഹങ്ങളുടെ സാമ്പത്തിക വളർച്ചയെ മെച്ചപ്പെടുത്തുന്നതിനും ആത്യന്തികമായി, ഈ പ്രദേശങ്ങളിലെ ബിസിനസുകളുടെ വളർച്ചയ്ക്കും വിജയത്തിനും ഈ പ്രോഗ്രാം ലക്ഷ്യമിടുന്നു.





## ജനുവരി 26, 2024

## ഡോൺ ബോസ്കോ ഫെസ്റ്റ് സംഘടിപ്പിച്ചു

യുവജന സുഹൃത്തായ ഡോൺ ബോസ്കോയുടെ തിരുനാളിനോട് അനുബന്ധിച്ച് FCDP, TMS, DBYF എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ, ഡോൺ ബോസ്കോ ഫെസ്റ്റ് ജനുവരി 26 , 27 തീയ്യതികളിൽ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി സംഘടിപ്പിച്ച ക്യാരംസ്, സൂപ്പർ വിക്കറ്റ്, സൂപ്പർ ഗോൾ, ഗ്രൂപ്പ് ഡാൻസ്, സിംഗിൾ ഡാൻസ് , ചിത്രരചന എന്നീ മത്സര ഇനങ്ങളിൽ 15 വയസിനു താഴെയുള്ള ഇരുന്നൂറിൽ പരം കുട്ടികൾ പങ്കെടുത്തു. ഫെസ്റ്റി നോട് അനുബന്ധിച്ച് 27 ന് വൈകിട്ട് 4.00 മണിക്ക് FCDP ഹാളിൽ വെച്ച് നടന്ന ചടങ്ങിൽ സിസ്റ്റർ. സെൽമ (ഹെഡ്മിസ്ട്രെസ്, സെന്റ് ജോസഫ് യു.പി. സ്കൂൾ പോർട്ട് കൊല്ലം) ഉദ്ഘാടനം നിർവഹിച്ചു. ശ്രീമതി. വെറോണിക്ക ആന്റണി (TMS പ്രസിഡന്റ്) അധ്യക്ഷത വഹിച്ച ചടങ്ങിൽ ഫാ. ജിതിൻ സെബാസ്റ്റ്യൻ (അസിസ്റ്റന്റ് ഡയറക്ടർ, FCDP) ആശംസ അറിയിച്ചു. നൂറ്റി അൻപതിൽപരം കുട്ടികൾ പങ്കെടുത്ത ചടങ്ങിൽ FCDP, TMS, FCDS സ്റ്റാഫ് അംഗങ്ങളും ഡോൺ ബോസ്കോ യൂത്ത് ഫോറം, ചിൽഡ്രൻസ് ഫോറം അംഗങ്ങളും പങ്കെടുത്തു. TMS അസിസ്റ്റന്റ് ഡയറക്ടർ സിസ്റ്റർ മേരി. കെ കൃതജ്ഞത അർപ്പിച്ചു.





## ജനുവരി 29, 2024

## ഫാ. പ്രൊവിൻഷ്യൽ FCDP ഓഫീസ് സന്ദർശിച്ചു

ഫാ. ജോസ് കോയിക്കൽ SDB (പ്രൊവിൻഷ്യൽ ഓഫ് സലേഷ്യൻസ് ഓഫ് ഡോൺ ബോസ്കോ, ബാംഗ്ലൂർ) 2024 ജനുവരി 29-ന് ഔദ്യോഗികമായി FCDP ഓഫീസ് സന്ദർശിച്ചു. അദ്ദേഹം സംഘടനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. ഫാ. ജിതിൻ സെബാസ്റ്റ്യൻ (അസിസ്റ്റന്റ് ഡയറക്ടർ, FCDP) സ്വാഗതം പറഞ്ഞു. ശ്രീമതി. ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP), ശ്രീമതി. വെറോണിക്ക ആന്റണി (പ്രസിഡന്റ്, TMS), ശ്രീ. സ്റ്റീഫൻ ഡി, ശ്രീമതി. ലാക്റ്റിഷ്യ മാർട്ടിൻ എന്നിവർ ആശംസകൾ നേർന്നു. വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന FCDP യുടെ പ്രവർത്തനങ്ങൾ, അതായത് സാമ്പത്തികവും സാമൂഹികവുമായ പ്രവർത്തന പരിപാടികൾ, FCDS, ഡോൺ ബോസ്കോ യൂത്ത് ഫോറം, ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറം എന്നിവയുടെ പ്രവർത്തനങ്ങൾ, WE-AUTOs, WE-LivE, WYEP തുടങ്ങിയ വിവിധ പദ്ധതികളെ അടിസ്ഥാനമാക്കിയുള്ള വീഡിയോ പ്രദർശിപ്പിച്ചു. തുടർന്ന് ശ്രീമതി. ഗ്രെറ്റ രാജു (കോർഡിനേറ്റർ, FCDP) FCDP കുടുംബത്തിന്റെ പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിച്ചു. ഫാ. ജോസ് കോയിക്കൽ SDB ആ സംഘടനയുടെ വാർത്താക്കുറിപ്പ് പ്രകാശനം ചെയ്യുകയും ബോർഡുമായും ജീവനക്കാരുമായും സംവദിക്കുകയും, FCDS മിൽ സന്ദർശിക്കുകയും ചെയ്തു. സിസ്റ്റർ. മേരി കെ (അസിസ്റ്റന്റ്. ഡയറക്ടർ, TMS) നന്ദി പറഞ്ഞു. യോഗത്തിനു ശേഷം, പ്രൊവിൻഷ്യൽ FCDP യുടെ പുതിയതായി ആരംഭിച്ച ലൈബ്രറി ആശീർവദിക്കുകയും വികസന സംരംഭങ്ങൾക്കായി വാടകയ്ക്കെടുത്ത കെന്നഡി മെമ്മോറിയൽ ഹാൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.





## ഫെബ്രുവരി 9, 2024

## നേതൃത്വ പരിശീലന ക്ലാസ് നടത്തി

WYEP പ്രോജക്റ്റിന് കീഴിലുള്ള നേതൃത്വ പരിശീലനങ്ങളുടെ തുടർച്ചയായി 2024 ഫെബ്രുവരി 9-ന് FCDP ഹാളിൽ, SHG നേതാക്കൾക്കായി ഒരു നേതൃത്വ പരിശീലന ക്ലാസ് സംഘടിപ്പിച്ചു. ശ്രീ. അനന്തരാമൻ സജിത്ത്, ശ്രീ. ഭരത് മനോജ് നായർ, ശ്രീമതി. അക്ഷയ സജി (ഇന്റേൺസ്) എന്നിവർ ക്ലാസിനു നേതൃത്വം വഹിച്ചു. 80-ലധികം SHG നേതാക്കൾ പരിശീലനത്തിൽ പങ്കെടുത്തു.

ആശയവിനിമയം, തീരുമാനമെടുക്കൽ, പ്രശ്ന പരിഹാരം, ടീം ബിൽഡിംഗ് എന്നിവ പോലുള്ള നേതൃത്വ കഴിവുകൾ വികസിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക, ടീമുകളെയോ ഓർഗനൈസേഷനുകളെയോ ഫലപ്രദമായി നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതായിരുന്നു നേതൃത്വ പരിശീലന ക്ലാസിന്റെ ലക്ഷ്യം.





## ഫെബ്രുവരി 17, 2024

## TMS പ്രസിഡന്റിന്റെ ജന്മദിനം ആഘോഷിച്ചു

FCDP-TMS കുടുംബം TMS പ്രസിഡന്റ് ശ്രീമതി. വെറോണിക്ക ആൻറണിയുടെ ജന്മദിനം 2024 ഫെബ്രുവരി 17-ന് ആഘോഷിച്ചു. അവരുടെ സംഘടന പ്രവർത്തനങ്ങളിലുള്ള നിസ്വാർത്ഥ സേവനത്തിനും പിന്തുണയ്ക്കും FCDP-TMS കുടുംബം എന്നും കടപ്പെട്ടിരിക്കുന്നു. വരും വർഷങ്ങളിൽ നല്ല ആരോഗ്യവും സന്തോഷവും ഞങ്ങൾ നേരുന്നു.





## ഫെബ്രുവരി 20, 2024

## കേക്ക് ബേക്കിങ് ക്ലാസ്സുകൾ സംഘടിപ്പിച്ചു

സമീപ വർഷങ്ങളിൽ, സ്ത്രീകൾ നയിക്കുന്ന സ്റ്റാർട്ടപ്പുകളിൽ, പ്രത്യേകിച്ച് കേക്ക് ബേക്കിംഗ് വ്യവസായത്തിൽ ശ്രദ്ധേയമായ കുതിച്ചുചാട്ടമാണ് ഉണ്ടായിട്ടുള്ളത്. കേക്ക് ബേക്കിങ് മേഖലകൾ സ്ത്രീകൾക്ക് അവരുടെ പാചക വൈദഗ്ധ്യം പ്രകടിപ്പിക്കുന്നതിനും പരമ്പരാഗതമായി പുരുഷ മേധാവിത്വമുള്ള ഇടങ്ങളിൽ അവരെ ശാക്തീകരിക്കുന്നതിനുമുള്ള ഒരു വേദിയായി മാറിയിരിക്കുന്നു. ഈ ശാക്തീകരണം അടുക്കളയ്ക്ക് അപ്പുറത്തേക്ക് വ്യാപിക്കുകയും, അവരുടെ സർഗ്ഗാത്മകതയും സംരംഭകത്വവും സ്വീകരിക്കാൻ സ്ത്രീകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഈ സംരംഭങ്ങൾ പാചക സർഗ്ഗാത്മകത പ്രദർശിപ്പിക്കുക മാത്രമല്ല, ബിസിനസ്സ് ലോകത്ത് സ്ത്രീകളുടെ വർദ്ധിച്ചുവരുന്ന സാന്നിധ്യത്തിന്റെയും സ്വാധീനത്തിന്റെയും തെളിവായി വർത്തിക്കുന്നു. ഈ അവസരത്തിൽ ഇത്തരം സംരംഭങ്ങൾക്ക് വീണ്ടും സാധ്യതകൾ ഒരുക്കുകയാണ് FCDP-TMS എന്നീ സംഘടനകൾ. WE-LivE പ്രൊജക്റ്റിന്റെ ഭാഗമായി ഫെബ്രുവരി 20 ന് FCDP ഹാളിൽ വെച്ച് ആരംഭിച്ച പരിപാടിക്ക് ഫാ. ജിതിൻ സെബാസ്റ്റ്യൻ (അസിസ്റ്റന്റ് ഡയറക്ടർ, FCDP) ആശംസ അറിയിച്ചു. ശ്രീമതി. റോഷ്ന ജാക്ക്സനാണ് കേക്ക് ബേക്കിങ് ക്ലാസ്സുകൾ നയിച്ചത്.









## ഫെബ്രുവരി 20, 2024

## വനിതാ ദിന ആലോചനാ യോഗം നടത്തി

തീരദേശ മഹിളാ സംഘടനയുടെ നേതൃത്വത്തിൽ നടത്തുന്ന 2024 വനിത ദിന ആഘോഷ പരിപാടികളുടെ നടത്തിപ്പ് സംബന്ധിച്ചു തീരുമാനങ്ങൾ എടുക്കുന്നതിലേക്കായി 20/02/2024 ചൊവ്വാഴ്ച ഉച്ചക്ക് 2 മണിക്ക് യോഗം നടത്തി. FCDP ഹാളിൽ സംഘടിപ്പിച്ച യോഗത്തിൽ ശ്രീമതി. ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP) സ്വാഗതം ആശംസിച്ചു. ശ്രീമതി. വെറോണിക്ക ആന്റണി (പ്രസിഡന്റ്, TMS) അധ്യക്ഷത വഹിച്ച യോഗത്തിൽ വനിത ദിന ആഘോഷം 8-ാം തീയതി റോട്ടറി കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തുവാനും 7-ാം തീയതി വൈകിട്ട് വിളംബരറാലി സംഘടിപ്പിക്കുവാനും തീരുമാനമായി. കൂടാതെ വനിതാ ദിനവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും ചർച്ച ചെയ്തു. പ്രസ്തുത യോഗത്തിൽ ഫാ. ജോബി സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP -TMS), ഫാ. ജിതിൻ സെബാസ്റ്റ്യൻ (അസിസ്റ്റന്റ് ഡയറക്ടർ, FCDP), ശ്രീമതി. ലെറ്റിഷ്യ മാർട്ടിൻ (ട്രഷറർ, TMS) എന്നിവർ സംസാരിച്ചു. ശ്രീമതി. മിനി മേരി (കോർഡിനേറ്റർ, TMS) ഉൾപ്പെടെ 75 ഓളം പേർ പങ്കെടുത്തു. സിസ്റ്റർ. മേരി കരുവേലിൽ (അസിസ്റ്റന്റ് ഡയറക്ടർ, TMS) കൃതജ്ഞത അർപ്പിച്ചു.





## ഫെബ്രുവരി 22, 2024

## സർട്ടിഫിക്കറ്റ് വിതരണവും, കേക്ക് എക്സിബിഷനും

ഫെബ്രുവരി 20-ന് ആരംഭിച്ച ത്രിദിന കേക്ക് ബേക്കിങ് ക്ലാസിനോടനുബന്ധിച്ച് സർട്ടിഫിക്കറ്റ് വിതരണവും കേക്ക് എക്സിബിഷനും ഫെബ്രുവരി 23-ന് FCDP ഹാളിൽ വെച്ച് സംഘടിപ്പിച്ചു. ശ്രീമതി. ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP) അധ്യക്ഷത വഹിച്ച ചടങ്ങിൽ, ഫാ. അഖിൽ (അസിസ്റ്റന്റ് വികാരി, പോർട്ട് കൊല്ലം പള്ളി) ഉദ്ഘാടന കർമ്മം നിർവഹിക്കുകയും, കേക്ക് ബേക്കിംഗ് ക്ലാസിൽ പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. ഫാ. ജോബി സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP-TMS), ശ്രീമതി. റോഷ്ന ജാക്ക്സൺ, ഫാ. സ്റ്റെഫി ഫ്രാൻസിസ് (അസിസ്റ്റന്റ് വികാരി, തോപ്പ് പള്ളി), സിസ്റ്റർ. മേരി. കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS) എന്നിവർ സംസാരിച്ചു. ചടങ്ങിൽ FCDP യുടെ അഭ്യുദയകാംക്ഷികളും, FCDP-TMS സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു. ക്ലാസ്സിൽ പങ്കെടുത്തവരുടെ മികവ് തെളിയിക്കുന്ന പലതരം കേക്കുകളും ചോക്ലേറ്റുകളും ഉൾപ്പെട്ട മേള വളരെ മികവുറ്റതായിരുന്നു. പങ്കെടുത്ത എല്ലാവരും അവരുടെ സംതൃപ്തിയും സന്തോഷവും അറിയിച്ചു. മിൽക്ക് കേക്ക്, മാംഗോ കേക്ക്, ബട്ടർ സ്കോച്ച്, റെഡ് വെൽവെറ്റ്, പൈനാപ്പിൾ കേക്ക്, ബ്രൗണി, പാർട്ടി പോപ്പ്, പോപ്സിക്കൽസ്, ഡ്രീം കേക്ക് എന്നി വിഭവങ്ങളാൽ മേള വ്യത്യസ്തമായിരുന്നു.





## ഫെബ്രുവരി 24, 2024

## ഫിഷ് പ്രോസസ്സിംഗ് ക്ലാസിന്റെ സമാപനത്തോടനുബന്ധിച്ച് സർട്ടിഫിക്കറ്റ് വിതരണം നടത്തി

ഫെബ്രുവരി 23 ന് ആരംഭിച്ച ഫിഷ് പ്രോസസ്സിംഗ് ക്ലാസിന്റെ സമാപന ദിനത്തോടനുബന്ധിച്ച് സർട്ടിഫിക്കറ്റ് വിതരണം, ഫെബ്രുവരി 24 ന് FCDP ഹാളിൽ വെച്ച് സംഘടിപ്പിച്ചു. ചടങ്ങിൽ ഫാ. ജോബി സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP-TMS), ശ്രീമതി. ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP), സിസ്റ്റർ. മേരി കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS), ശ്രീ. അജയ്ശങ്കർ (റിസോഴ്സ് പേഴ്സൺ) എന്നിവർ സംസാരിച്ചു. തുടർന്ന് ശ്രീ. അജയ്ശങ്കർ ക്ലാസ്സിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. പാചകപരിശീലന മേഖലയിൽ പരിചയസമ്പന്നനും വൈദഗ്ധ്യവുമുള്ള ശ്രീ. അജയ്ശങ്കറാണ് ഫിഷ് പ്രോസസ്സിംഗ് ക്ലാസ്സ് നയിച്ചത്.

കേന്ദ്ര സർക്കാറിന്റെ (Ministry of Skill Development and Entrepreneurship) അധ്യാപകനുള്ള കുശാലാചാര്യ അവാർഡ് (ദേശീയ അവാർഡ്) ലഭിച്ച ആദ്യത്തെ മലയാളി കൂടിയാണ് ശ്രീ. അജയ് ശങ്കർ. സാമ്പത്തിക ശാക്തീകരണത്തിനും, സുസ്ഥിരമായ വളർച്ചയ്ക്കും, അവസരങ്ങൾ പ്രദാനം ചെയ്യുന്ന ഒരു നൈപുണ്യ മേഖല തന്നെയാണ് ഫിഷ് പ്രോസസ്സിംഗ്. മത്സ്യ ഉൽപന്നങ്ങളുടെ മൂല്യം കൂട്ടുന്നതിലൂടെ സ്ത്രീകൾക്ക്, വിശാലമായ വിപണികൾ ലഭ്യമാക്കുന്നതിനും, വരുമാനം വർധിപ്പിക്കുന്നതിനും, ഭക്ഷ്യ സുരക്ഷയ്ക്ക് അവരുടേതായ സംഭാവന നൽകുന്നതിനും സഹായിക്കുന്നു. ഈ മേഖലയിൽ സ്ത്രീ സംരംഭകരെ പിന്തുണയ്ക്കുന്നതിന്റെ ഭാഗമായാണ് പാചക പരിശീലന ക്ലാസ്സ് സംഘടിപ്പിച്ചത്.





## ഫെബ്രുവരി 24, 2024

## 'ഡോൺ ബോസ്കോ അണ്ടർ – 15 സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റ് സംഘടിപ്പിച്ചു

വി. ഡോൺ ബോസ്കോയുടെ തിരുനാളിനോടനുബന്ധിച്ച് FCDPയുടെ നേതൃത്വത്തിൽ ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറം സംഘടിപ്പിച്ച 'ഡോൺ ബോസ്കോ അണ്ടർ 15 സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റ് വിജയകരമായി സമാപിച്ചു. 2024 ഫെബ്രുവരി 24-ാം തീയ്യതിയിൽ ഡോൺ ബോസ്കോ ബോയ്സ് ഹോം ഗ്രൗണ്ടിൽ അരങ്ങേറിയ മൽസരങ്ങളിൽ ചിൽഡ്രൻസ് ഫോറത്തിലെ 7 ടീമുകൾ പങ്കെടുത്തു. 25/02/2024 തീയ്യതിയിൽ സംഘടിപ്പിച്ച സെമിഫൈനൽ – ഫൈനൽ മത്സരത്തിൽ DBC തൻഡേഴ്സ്, DBC ലെജൻഡ്സ്, DBC റോക്ക് സ്റ്റാർസ്, DBC സ്ക്വാഡ് എക്സ് എന്നീ ടീമുകൾ പങ്കെടുത്തു. ഫൈനൽസ് ശ്രീമതി. മേരി ജോൺ (മുൻ കോർഡിനേറ്റർ, DBC) ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജോബി സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP - TMS) അദ്ധ്യക്ഷത വഹിച്ചു. ആവേശകരമായ ഫൈനൽസിൽ DBC തൻഡേഴ്സും DBC ലെജൻഡ്സും ഏറ്റുമുട്ടുകയും DBC ലെജൻഡ്സ് വിജയം കരസ്ഥമാക്കുകയും ചെയ്തു. ഫാ. സ്റ്റെഫി ഫ്രാൻസിസ് (ഡയറക്ടർ, DB ടെക് & ഡ്രീംസ്) സമ്മാനദാന ചടങ്ങ് നിർവഹിച്ചു. ബെസ്റ്റ് പ്ലെയറായി ഇമ്മാനുവൽ (DBC ലെജൻഡ്സ്), ബെസ്റ്റ് ഗോൾ കീപ്പറായി നോബിൾ (DBC തൻഡേഴ്സ്), ബെസ്റ്റ് സ്കോറർ ആയി ഇമ്മാനുവൽ (DBC ലെജൻഡ്സ്) എന്നിവരും ഫൈനൽ മത്സരത്തിന്റെ റണ്ണർ അപ്പായി DBC തൻഡേഴ്സ് ടീം അംഗങ്ങളും സമ്മാനർഹരായി. ചടങ്ങിൽ ഫാ. ജിതിൻ സെബാസ്റ്റ്യൻ (അസിസ്റ്റന്റ് ഡയറക്ടർ, FCDP) കൃതജ്ഞത അർപ്പിച്ചു. ഡോൺ ബോസ്കോ FA കോച്ച് ശ്രീ. ഇന്നസെന്റ് എസ് (അജീ), അൽ ആമീൻ, ജിതിൻ, ശ്രീമതി. ബിന്ദു ഹാരിസൺ (കോർഡിനേറ്റർ, DBCF) ഗ്രൂപ്പ് ആനിമേറ്റേഴ്സ് ശ്രീമതി. മിനി പ്ലാസിഡ്, ശ്രീമതി. ഉഷ ബിജു, ശ്രീമതി. റിനീഷ ഫ്രാൻസിസ്, ശ്രീമതി. അനു മോസസ്, ശ്രീമതി. ജെൻസി പോൾ, ശ്രീമതി. സിന്ധു ജോർജ്, ശ്രീമതി. സ്റ്റെഫാനിയ എന്നിവർ ടൂർണ്ണമെന്റിന് നേതൃത്വം നൽകി.





## മാർച്ച് 5, 2024

## ചിത്രരചന ക്ലാസ്സ് ആരംഭിച്ചു

കുട്ടികളിലെ ചിത്രരചനയിലുള്ള കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ FCDP-യുടെ ആഭിമുഖ്യത്തിൽ ചിത്രരചന ക്ലാസ്സ് ആരംഭിച്ചു. എല്ലാ ശനിയാഴ്ചയും രാവിലെ 10 മണി മുതൽ 1 മണി വരെയാണ് ക്ലാസ്സുകൾ. മാർച്ച് 3-ാം തിയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ആദ്യത്തെ ക്ലാസ്സ് ഉദ്ഘാടനം ചെയ്തു. പ്രശസ്ത ചിത്രകാരൻ ആർട്ടിസ്റ്റ് അബിയുടെ നേതൃത്വത്തിൽ FCDP കോച്ചിംഗ് സെന്ററിലാണ് ക്ലാസ്സുകൾ നടത്തപ്പെടുന്നത്.





## മാർച്ച് 7, 2024

## അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് വിളംബര റാലി സംഘടിപ്പിച്ചു

മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് തീരദേശ മഹിളാ സൊസൈറ്റിയുടെയും ഫിഷർമെൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെയും, റോട്ടറി ക്ലബ് ഓഫ് കൊയ്‌ലോണിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ, അന്തർദേശീയ വനിതാ ദിനത്തിന് മുന്നോടിയായി വനിതകളുടെ ഓട്ടോ, ഇരുചക്ര വാഹന വിളംബര റാലി സംഘടിപ്പിച്ചു. 'സ്ത്രീകളെ ശാക്തീകരിക്കുക: പുരോഗതി ത്വരിതപ്പെടുത്തുക എന്ന ആപ്തവാക്യത്തെ ഉൾക്കൊള്ളിച്ചു കൊണ്ടായിരുന്നു ഈ വർഷത്തെ വനിതാ ദിന റാലി. വ്യാഴാഴ്ച വൈകിട്ട് 5:30 ന് കൊല്ലം ബീച്ചിൽ നിന്നും ആരംഭിച്ച വിളംബര റാലി അഭിസംബോധന ചെയ്ത്, ഫ്ലാഗ് ഓഫ് കർമ്മം നിർവഹിച്ചത് ഡോ. സിന്താ മെൻഡസ് (കൗൺസിലർ, ബെൻസിഗർ കോളേജ് ഓഫ് നഴ്സിംഗ് & ബോർഡ് മെമ്പർ, തീരദേശ മഹിളാ സൊസൈറ്റി) ആണ്. റാലി കനാൽ റോഡ് വഴി തങ്കശ്ശേരി ബസ് ബേ കൂടി മൂതാക്കര റോഡ് വഴി FCDP ഓഫീസിൽ എത്തി ചേർന്നു. നൂറിൽപരം വനിതകൾ ഇരുചക്രവാഹനങ്ങളുമായി റാലിയിൽ പങ്കെടുത്തു.





## മാർച്ച് 8, 2024

## അന്താരാഷ്ട്ര വനിതാ ദിനം ആചരിച്ചു

തീരദേശ മഹിളാ സൊസൈറ്റിയുടെയും ഫിഷർമെൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെയും, റോട്ടറി ക്ലബ് ഓഫ് കൊയ്‌ലോണിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ, അന്തർദേശീയ വനിതാ ദിനാചരണം വെള്ളിയാഴ്ച കൊയ്‌ലോൺ റോട്ടറി ക്ലബ്ബിൽ വെച്ച് നടത്തി. ശ്രീമതി. വെറോണിക ആന്റണി (പ്രസിഡന്റ്, TMS) അധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീമതി. ശ്രീജ ഹരീഷ് (വൈസ് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, കൊല്ലം) ഉദ്ഘാടന കർമ്മം നിർവഹിച്ചു. ശ്രീമതി. എലിസബത്ത് ലിസി (ഹെഡ്മിസ്ട്രസ്, ബാലിക മറിയം സ്കൂൾ, കൊല്ലം) മുഖ്യ പ്രഭാഷണവും, ഡോ. ബിന്ദു മേരി ഫ്രാൻസിസ് (IMO, ESI ഡിസ്പെൻസറി പട്ടത്താനം, പ്രസിഡന്റ്, IMA, ദേശിംഗനാട്) ബോധവൽക്കരണ ക്ലാസ് നടത്തി. ചടങ്ങിൽ സിസ്റ്റർ. ആനി ജോസഫ് FMA (സുപ്പീരിയർ, സ്നേഹകിരൺ കോൺവെന്റ്), ഡോ. മാനുവൽ പേരിസ് (സെക്രട്ടറി, ക്വിലോൺ റൊട്ടറി ക്ലബ്), ശ്രീ. സജീവ് സോമൻ (വാർഡ് കൗൺസിലർ, ഉദയമർത്താണ്ടപുരം, ചെയർമാൻ പബ്ലിക് വർക്സ് സ്റ്റാൻഡിങ് കമ്മിറ്റി, കൊല്ലം കോർപ്പറേഷൻ), ശ്രീ. ടോ മി നെപ്പോളിയൻ (വാർഡ് കൗൺസിലർ, പള്ളിത്തോട്ടം) എന്നിവർ ആശംസ അറി യിച്ചു. ശ്രീമതി. ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP), റവ. ഫാ. ജോബി സെബാസ്റ്റ്യൻ ടളആ (ഡയറക്ടർ, FCDP-TMS), സിസ്റ്റർ. മേരി. കെ. (അസിസ്റ്റന്റ്. ഡയറക്ടർ, TMS) എന്നിവർ ചടങ്ങിൽ സംസാരിച്ചു. സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന ചൂഷണങ്ങളെ ആവിഷ്കരിച്ചു കൊണ്ട് നൃത്തവും നാടകവും അരങ്ങേറി. 400 ൽ പരം വനിതകളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പരിപാടിയിൽ FCDP-TMS ബോർഡ് അംഗങ്ങൾ, സ്റ്റാഫ് എന്നിവർ പങ്കെടുത്തു. 'സ്ത്രീകളെ ശാക്തീകരിക്കുക: പുരോഗതി ത്വരിതപ്പെടുത്തുക' എന്ന ആപ്തവാക്യത്തെ ഉൾക്കൊള്ളിച്ചു കൊണ്ടായിരുന്നു ഈ വർഷത്തെ വനിതാദിന ആഘോഷങ്ങൾ.





**മാർച്ച് 9, 2024**

## വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് പ്രോഗ്രാം ആരംഭിച്ചു

FCDP -TMS സംഘടനകളുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്ക് തങ്ങളുടെ ഭാവിയിലേക്കുള്ള ചുവടുവെപ്പ് എന്ന നിലയിൽ ആരംഭിക്കുന്ന കരിയർ ഗൈഡൻസ് ക്ലാസുകൾക്ക് തുടക്കം കുറിച്ചു. 2024 മാർച്ച് 9 - ന് FCDP ഹാളിൽ വെച്ച് രാവിലെ 10.30 നാണ് ആദ്യത്തെ ക്ലാസ്സ് ആരംഭിച്ചത്. ലോകമെമ്പാടുമുള്ള മികച്ച MNCകളിൽ 25 വർഷത്തിലധികം അനുഭവപരിചയമുള്ള പ്രൊഫഷണലായ ശ്രീ. മനോജ് ചന്ദ്രശേഖരനാണ് ക്ലാസ്സുകൾ നയിക്കുന്നത്. ഫാ. ജോബി സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP-TMS) ക്ലാസ്സിൽ പങ്കെടുത്ത എല്ലാവരെയും സ്വാഗതം ചെയ്തു. 10 മുതൽ 15 വിദ്യാർത്ഥികൾക്ക് മാത്രമാണ് ഒരു ബാച്ചിലേക്ക് പ്രവേശനം. വിദ്യർത്ഥികളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് കൂടുതൽ ബാച്ചുകൾ ആരംഭിക്കുന്നതാണ്. വിദ്യാർത്ഥികളുടെ വ്യക്തിപരമായ അഭിരുചികൾ കണ്ടെത്തുന്നതിനും, കരിയർ കെട്ടിപടുക്കുന്നതിനും, ബയോഡേറ്റ തയാറാക്കുന്നതിനും, അഭിമുഖ തന്ത്രങ്ങളും, ഭാഷാപരിജ്ഞാനം നേടുന്നതിനും, കരിയർ ലക്ഷ്യങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നേടുന്നതിനുമുള്ള മികച്ചൊരു അവസരം തന്നെയാണ് വിദ്യാർത്ഥികൾക്കായി ഈ ക്ലാസ്സുകളിലൂടെ ഒരുക്കിയിരിക്കുന്നത്. തുടർന്നുള്ള മാസങ്ങളിൽ രണ്ടു ശനിയാഴ്ചകളിൽ ആയിട്ടാണ് ക്ലാസ്സ് സംഘടിപ്പിക്കുക. വിദ്യാർത്ഥികൾക്ക് അവരുടെ ഭാവിയെക്കുറിച്ചുള്ള അറിവുകൾ നേടുന്നതിനും, ആത്മവിശ്വാസം വളർത്തുന്നതിനും വേണ്ടി ആരംഭിച്ച ആദ്യ ക്ലാസ്സ് 12.30 ന് അവസാനിച്ചു. വളരെ സംവേദനാത്മകവും, പ്രചോദനാത്മകവുമായിരുന്ന ക്ലാസ്സിന് കുമാരി. ഡിക്സി നന്ദി അറിയിച്ചു.




**മാർച്ച് 16, 2024**

## ഡോൺ ബോസ്‌ക്കോ ബൈബിൾ ക്വിസ് ആപ്പ് ഉദ്ഘാടനവും, ശ്രീമതി. എലിസബത്ത് ലിസിക്ക് ആദരവും

ഡോൺ ബോസ്‌ക്കോ യൂത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഡോൺ ബോസ്‌ക്കോ ബൈബിൾ ക്വിസ് ആപ്പിന്റെ ഉദ്ഘാടനം, 2024 മാർച്ച് 16 ശനിയാഴ്ച FCDP ഹാളിൽ വെച്ച് കൊല്ലം രൂപതയുടെ മുൻ മെത്രാനായ റൈറ്റ്. റവ. ഡോ. സ്റ്റാൻലി റോമൻ നിർവഹിച്ചു. ശ്രീമതി. ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP) അധ്യക്ഷത വഹിച്ചു. ചടങ്ങിൽ 2023- 24 - ലെ ടീച്ചേർസ് ഗിൽഡിന്റെ ബെസ്റ്റ് ടീച്ചർ, സംസ്ഥാന അവാർഡ് നേടിയ ബാലിക മറിയം സ്കൂൾ പ്രധാനാധ്യാപിക ശ്രീമതി. എലിസബത്ത് ലിസ്സിയെ, റൈറ്റ്. റവ. ഡോ. സ്റ്റാൻലി റോമൻ ആദരിച്ചു. ഡോൺ ബോസ്‌ക്കോ ബൈബിൾ ക്വിസ് ആപ്പിന്റെയും വെബ്സൈറ്റിന്റെയും ഡെവലപ്പറും, അബുദാബി ലുലു ഫിനാൻഷ്യൽ ഹോൾഡിങ്സിന്റെ IT ഡിപ്പാർട്ട്മെന്റ് ഹെഡുമായ ശ്രീ. സ്റ്റീഫൻ ആന്റണി വെനൻഷസ് ആപ്പിനെക്കുറിച്ച് വിശദീകരിച്ചു. ചടങ്ങിൽ 2 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും വിതരണം ചെയ്തു. ഫാ. ജോബി സെബാസ്റ്റ്യൻ SDB (ഡയറക്ടർ, FCDP-TMS), ഫാ. ജിതിൻ സെബാസ്റ്റ്യൻ SDB (അസിസ്റ്റന്റ് ഡയറക്ടർ, FCDP), സിസ്റ്റർ. മേരി. കെ. (അസിസ്റ്റന്റ് ഡയറക്ടർ, TMS), FCDP - TMS സ്റ്റാഫ് അംഗങ്ങൾ, ഡോൺ ബോസ്‌ക്കോ യൂത്ത് ഫോറം, ഡോൺ ബോസ്‌ക്കോ ചിൽഡ്രൻസ് ഫോറം അംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.






**മാർച്ച് 21, 2024**

## ഹോം കെയർ ഉത്പന്ന നിർമാണ പരിശീലന ക്ലാസ് സംഘടിപ്പിച്ചു

മാർച്ച് 21ന് സ്ത്രീകൾക്കായി ഹോം കെയർ നിർമാണ പരിശീലന ക്ലാസ് FCDP-യിൽ സംഘടിപ്പിച്ചു. പരിപാടിയിൽ ഫാ. ജോബി സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP-TMS), ഫാ. ജിതിൻ സെബാസ്റ്റ്യൻ (അസിസ്റ്റന്റ് ഡയറക്ടർ, FCDP) എന്നിവർ സംസാരിച്ചു. നിരവധി വർഷങ്ങളുടെ പരിചയ സമ്പത്തുള്ള ശ്രീ. വർഗീസ് പോൾ (ഡയറക്ടർ, സെന്റർ ഫോർ ആൾട്ടർനേറ്റിങ് ലേണിംഗ് ആൻഡ് ലിവിങ്) ആണ് പരിശീലന ക്ലാസ്സ് നയിച്ചത്. സംരംഭകരാകാനുള്ള സ്ത്രീകൾക്ക് ഉന്നത നിലവാരമുള്ള ഹോം കെയർ ഉത്പന്ന നിർമാണം വളരെ പ്രധാനമാണ് കാരണം, ഇത് സംരംഭകത്വത്തിലേക്ക് പ്രവേശിക്കാനുള്ള ഒരു അവസരം വാഗ്ദാനം ചെയ്യുന്നതിനൊപ്പം ജോലിയും കുടുംബപരമായ ഉത്തരവാദിത്തങ്ങളും സന്തുലിതമാക്കാൻ സ്ത്രീകളെ പ്രാപ്തരാക്കുകയും ചെയ്യുന്നു. കൂടാതെ, ഹോം കെയർ ഉൽപ്പന്നങ്ങൾ വളർന്നുവരുന്ന വിപണിയെ ഉത്തേജിപ്പിക്കുകയും, അവയുടെ വർദ്ധിച്ചുവരുന്ന ഡിമാൻഡ്, സ്ത്രീകൾക്ക് സാമ്പത്തിക സ്വാതന്ത്ര്യത്തിലേക്കും ശാക്തീകരണത്തിലേക്കും ഒരു പ്രായോഗികപാത വാഗ്ദാനം ചെയ്യുകയും ചെയുന്നു. ഈ മേഖലയിൽ സ്ത്രീ സംരംഭകരെ പിന്തുണയ്ക്കുന്നതിന്റെ ഭാഗമായാണ് ഈ പരിശീലന ക്ലാസ്സ് സംഘടിപ്പിച്ചത്.




**മാർച്ച് 23, 2024**

## വോട്ടിംഗ് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു

വോട്ടിംഗിന്റെ പ്രാധാന്യത്തെക്കുറിച്ചും തിരഞ്ഞെടുപ്പ് പ്രക്രിയയെക്കുറിച്ചും പൗരന്മാരെ ബോധവൽക്കരിച്ചു കൊണ്ട് ഡോൺ ബോസ്കോ യൂത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ, നെഹ്റു യുവ കേന്ദ്രയുടെ സഹകരണത്തോടെ മാർച്ച് 23 ശനിയാഴ്ച രാവിലെ 11:00 മണിക്ക് INTENSIVE VOTER'S AWARENESS CAMPAIGNന്റെ ഭാഗമായി ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. FCDP ഹാളിൽ ഔദ്യോധിക ചടങ്ങുകളോടെ ആരംഭിച്ച പരിപാടി ഫാ. സ്റ്റെഫി ഫ്രാൻസിസ് (ഡയറക്ടർ, ഡ്രീം ആൻഡ് DB ടെക്, കൊല്ലം) ചടങ്ങ് ഉത് ഘാടനം ചെയ്തു. ഫാ. ജിതിൻ സെബാസ്റ്റ്യൻ (അസിസ്റ്റന്റ് ഡയറക്ടർ, FCDP) അധ്യക്ഷത വഹിച്ച ചടങ്ങിൽ സിസ്റ്റർ. മേരി. കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS) സ്വാഗതം നേർന്നു. അഡ്വക്കേറ്റ് ശ്രീ. വേണു. ജെ. പിള്ള (മുൻ പബ്ലിക് പ്രോസിക്യുട്ടർ, BAR അസോസിയേഷൻ അംഗം) ബോധവൽക്കരണ ക്ലാസ്സിന് നേതൃത്വം നൽകി. ക്ലാസ്സിൽ വോട്ടിം ഗിന്റെ പ്രാധാന്യം, ഭരണഘടന മൂല്യങ്ങൾ, ഉത്തരവാദിത്വബോധമുള്ള പൗരൻ, മൗലിക അവകാശങ്ങൾ എങ്ങനെ പ്രയോ ജനപെടുത്തണം, എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു. ചടങ്ങിൽ കുമാരി. ഐശ്വര്യ ക്ലീറ്റസ് (കോർഡിനേറ്റർ, DBCF) നന്ദി രേഖപ്പെടുത്തി. പൗരന്മാർക്ക് അവരുടെ മൗലിക അവകാശങ്ങളെപറ്റിയും, വോട്ടവകാശം ബോധപൂർവം വിനി യോഗിക്കുന്നതിനെ പറ്റിയും അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.






## ഏപ്രിൽ 3, 2024

### അനധികൃത അഭയാർഥി പ്രശ്നങ്ങളിൽ, മത്സ്യത്തൊഴിലാളികൾക്കുള്ള ബോധവത്കരണ ക്ലാസ് നടത്തി

അനധികൃത അഭയാർഥികളുടെ പ്രശ്നവുമായി ബന്ധപ്പെട്ട് ഏപ്രിൽ മൂന്നിന് FCDP ഹാളിൽ മത്സ്യത്തൊഴിലാളികൾക്കായി സമഗ്ര ബോധവത്കരണ ക്ലാസ് നടത്തി. ചെന്നൈയിലെ ADRA INDIA യിൽ നിന്നുള്ള ശ്രീ. ആൻഡ്രൂവും സംഘവും നടത്തിയ സെഷനിൽ അനധികൃത കുടിയേറ്റവുമായി ബന്ധപ്പെട്ട സംശയാസ്പദമായ പ്രവർത്തനങ്ങൾ തിരിച്ചറിഞ്ഞ് റിപ്പോർട്ട് ചെയ്യേണ്ടതിന്റെ പ്രാധാന്യം എടുത്തുകാട്ടി. അനധികൃത അഭയാർഥികളെ സഹായിക്കുന്നതുമായി ബന്ധപ്പെട്ട നിയമപരമായ പ്രത്യാഘാതങ്ങളെയും അപകടസാധ്യതകളെയും കുറിച്ച് മത്സ്യത്തൊഴിലാളികളെ ബോധവൽക്കരിച്ചു. അതിർത്തി സുരക്ഷ നിലനിർത്തുന്നതിൽ സമൂഹത്തിന്റെ പങ്ക് ഊന്നിപ്പറഞ്ഞുകൊണ്ട് ഈ പ്രശ്നത്തെ നേരിടാൻ അധികാരികളുമായി സഹകരിക്കുന്നതിനുള്ള തന്ത്രങ്ങൾ ചർച്ച ചെയ്തു. മൊത്തത്തിൽ, മത്സ്യത്തൊഴിലാളികളെ അവരുടെ തൊഴിൽ, നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കായി ചൂഷണം ചെയ്യുന്നത് തടയുന്നതിനുള്ള അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.






## ഏപ്രിൽ 4, 2024

### കുട്ടികൾക്കായുള്ള സമ്മർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു

FCDP യുടെ നേതൃത്വത്തിൽ കുട്ടികൾക്കായുള്ള സമ്മർ ക്യാമ്പ് ആരംഭിച്ചു. ശ്രീ. സന്തോഷ് കുമാർ. ഡി (പ്രിൻസിപ്പൽ, സെന്റ്. അലോഷ്യസ് സ്കൂൾ, കൊല്ലം) 'ഡോൺ ബോസ്കോ സമ്മർ ക്യാമ്പ് 2024 തിരികൊളുത്തി ഉദ്ഘാടനം ചെയ്തു. ഫാ. സ്റ്റീഫൻ മുക്കാട്ടിൽ SDB (റെക്ടർ, ഡോൺ ബോസ്കോ, തോപ്പ്), ഫാ. ജോബി സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP-TMS), സിസ്റ്റർ. മേരി. കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS), ഡീ. എബിൻ തോമസ് എബ്രഹാം, ഫാ. ജിതിൻ സെബാസ്റ്റ്യൻ (അസിസ്റ്റന്റ് ഡയറക്ടർ, FCDP), എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. കുട്ടികൾക്ക് അവരുടെ വ്യക്തി വികസനവും ആത്മവിശ്വാസം വളർത്തി എടുക്കുന്നതിനും, അതിലൂടെ അവരുടെ സാമൂഹിക കഴിവുകൾ വളർത്തുന്നതിനും, സൗഹൃദങ്ങൾ കെട്ടിപ്പടുക്കുന്നതിനും ഒരു അവസരം തന്നെയാണ് ഈ ക്യാമ്പിലൂടെ ഒരുക്കുന്നത്. വിവിധതരം കലാകായിക മത്സരങ്ങളിലൂടെ കുട്ടികളുടെ കഴിവുകൾ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യവും ഈ ക്യാമ്പിലൂടെ മുന്നോട്ട് വെക്കുന്നു. കുട്ടികളുടെ വേനൽ കാലം കൂടുതൽ ആസ്വാദ്യകരമാക്കുന്നതിനും അവരുടെ സമഗ്ര വളർച്ചക്കും ഊന്നൽ നൽകി കൊണ്ട് ആരംഭിച്ച സമ്മർ ക്യാമ്പ് മൂന്ന് ഘട്ടങ്ങളിലായിട്ടാണ് നടത്തപ്പെടുന്നത്. ആദ്യഘട്ടം 4 മുതൽ 6 വരെയുള്ള ക്ലാസിലെ വിദ്യാർത്ഥികൾക്കും, രണ്ടാം ഘട്ടം 10 മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്കും, മൂന്നാം ഘട്ടം 7 മുതൽ 9 വരെയുള്ള വിദ്യാർത്ഥികൾക്കും ആയിട്ടാണ് നടത്തപ്പെട്ടത്.





## ഏപ്രിൽ 12, 2024

### വി–ഓട്ടോ: ഏഴാം ഘട്ട വിതരണം നടത്തി

ഫിഷർമെൻ കമ്യൂണിറ്റി ഡവലപ്മെന്റ് പ്രോഗ്രാമിന്റെ (FCDP) നേതൃത്വത്തിൽ തീരദേശത്തെ മത്സ്യത്തൊഴിലാളികളായ സ്ത്രീകൾക്ക് ഇലക്ട്രിക് ഓട്ടോ നൽകുന്ന വീ ഓട്ടോ പദ്ധതിയുടെ ഏഴാം ഘട്ട വിതരണം റൈറ്റ്. റവ. ഫാ. പി. എസ്. ജോർജ് (ഡയറക്ടർ, ഡോൺ ബോസ്കോ BREADS) ഫ്ലാഗ് ഓഫ് ചെയ്തു. ആറ് വനിതകൾക്കാണ് പുതുതായി വാഹനം കൈമാറിയത്- ശ്രീദേവി, അനിത, മേരി ശോഭ, മെറീന, മേരി സെബാസ്റ്റ്യൻ, സുഷമ സുന്ദർ എന്നിവരാണ് ഇതിന്റെ ഉപഭോക്താക്കൾ. ബ്രഡ്സ് ബെംഗളൂരുവിന്റെ സഹകരണത്തോടെ ആവിഷ്കരിച്ചിരിക്കുന്ന ഈ പദ്ധതി സ്ത്രീകൾക്ക് വരുമാന മാർഗ്ഗവും, സ്ത്രീകളെ സ്റ്റീരിയോടൈപ്പിക് തൊഴിൽ ദിശയിൽ നിന്ന് പുറത്തുകൊണ്ടുവരാനും, അവരുടെ തൊഴിൽ ശക്തിയെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും ലക്ഷ്യം വെക്കുന്നു. തിരദേശത്ത് ഇതുവരെ 25 സ്ത്രീകൾക്കു പദ്ധതിയുടെ ഭാഗമായി ഇലക്ട്രിക് ഓട്ടോറിക്ഷകൾ നൽകി കഴിഞ്ഞു. റവ. ഫാ. സ്റ്റീഫൻ മുക്കാട്ടിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീമതി. ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP), ശ്രീ. ഷിബു എസ് (ഡയറക്ടർ, മാഹീന്ദ്ര മാനേജിങ്), ശ്രീമതി. വെറോണിക ആന്റണി (പ്രസിഡന്റ്, TMS), സിസ്റ്റർ. ആനി ജോസഫ് FMA (സുപ്പീരിയർ, സ്നേഹ കിരൺ കോൺവെന്റ്) എന്നിവർ ആശംസ അറിയിച്ചു. പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി. ഐറിൻ രാജൻ കഴിഞ്ഞ കാലയളവിൽ വി-ഓട്ടോ പദ്ധതി വഴി തന്റെ ജീവിതത്തിൽ വന്ന മാറ്റങ്ങൾ എല്ലാവരോടും പങ്കുവച്ചു.വി-ഓട്ടോ പദ്ധതിയുടെ ഭാഗമായി എത്തിച്ചേരുന്ന വനിതകൾക്ക് ഓട്ടോ പരിശീലനം നൽകി വരുന്ന ശ്രീ. അനിൽ വിക്ടറിനെ ചടങ്ങിൽ വെച്ച് റൈറ്റ്. റവ.ഫാ. പി. എസ്. ജോർജ് ആദരിച്ചു. ഫാ. ജോബി സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP- TMS), ഫാ. ജിതിൻ മറ്റമുണ്ടയിൽ (അസിസ്റ്റന്റ് ഡയറക്ടർ, FCDP), സിസ്റ്റർ. മേരി. കെ. (അസിസ്റ്റന്റ് ഡയറക്ടർ, TMS), FCDP- TMS ബോർഡ് & സ്റ്റാഫ് അംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.






## ഏപ്രിൽ 12, 2024

### നാല് മുതൽ ആറാം ക്ലാസ്സ് വരെ ഉള്ള കുട്ടികൾക്കായുള്ള സമ്മർ ക്യാമ്പ് നടത്തി

FCDP-യുടെ നേതൃത്വത്തിൽ കുട്ടികൾക്കായി ആരംഭിച്ച സമ്മർ ക്യാമ്പിന്റെ ആദ്യ ഘട്ടം സമാപിച്ചു. 8 ദിവസം നീണ്ടു നിന്ന ക്യാമ്പ് വളരെ ആവേശഭരിതമായിരുന്നു. കുട്ടികൾക്കായി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ, ഡാൻസ് ക്ലാസുകൾ, പാട്ട്, ഡ്രോയിങ് ക്ലാസ്, മാത്സ് ക്ലാസ്സ് എന്നിവ ഒരുക്കി. സമ്മർ ക്യാമ്പുകൾ കുട്ടികളുടെ വളർച്ചയ്ക്കും വികാസത്തിനും സവിശേഷമായ അവസരങ്ങളാണ് നൽകിയത്. അവരിൽ പുതിയ താൽപ്പര്യങ്ങൾ പര്യവേക്ഷണം ചെയ്യാനും സാമൂഹിക കഴിവുകൾ വികസിപ്പിക്കാനും ആത്മവി ശ്വാസം വളർത്തുവാനും സാധിച്ചു. വിവിധ കലാകായിക പരിപാടികളാൽ ക്യാമ്പ് വ്യത്യസ്തമായിരുന്നു. രസകരമായ ഗെയിംസിലൂടെയും ഗ്രൂപ്പ് പ്രവർത്തനങ്ങളി ലൂടെയും മറ്റുള്ളവരുടെ അഭിപ്രായങ്ങളെ മാനിക്കുവാനും, ടീം വർക്കും, സഹകരണവും പഠിപ്പിക്കുകയും ചെയ്തു. ക്യാമ്പിനോട് അനുബന്ധിച്ച് നടത്തപ്പെട്ട ഗെയിംമുകൾ ഉൾപ്പെടെയുള്ള പരിപാടികളിൽ വിജയികളായ എല്ലാ കുട്ടികൾക്കും സമ്മാനങ്ങൾ നൽകുകയും ചെയ്തു. 70 ഓളം കുട്ടികൾ പങ്കെടുത്ത ക്യാമ്പ് വളരെ മനോഹരമായി തന്നെ സമാപിച്ചു. ഫാ. ജോബി സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP-TMS), ശ്രീമതി. ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP), സിസ്റ്റർ. മേരി. കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS), ഡീ. എബിൻ തോമസ് എബ്രഹാം, FC-DP-TMS സ്റ്റാഫ് അംഗങ്ങൾ എന്നിവർ സമാപന ചടങ്ങിൽ പങ്കെടുത്തു.





## ഏപ്രിൽ 13, 2024

### കൊല്ലം ബീച്ച് ക്ലീനിങ് പരിപാടി സംഘടിപ്പിച്ചു

ഡോൺ ബോസ്കോ യൂത്ത് സർവീസസ് സംഘടിപ്പിച്ച പതിമൂന്നാമത്തെ ഓൾ കേരള യൂത്ത് മീറ്റിന്റെ ഭാഗമായി ഫിഷർമെൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ സഹകരണത്തോടു കൂടി കൊല്ലം ബീച്ച് ക്ലീനിങ് പരിപാടി സംഘടിപ്പിച്ചു. കൊല്ലത്തിന്റെ ആദരണീയനായ ഡെപ്യൂട്ടി മേയർ ശ്രീ. കൊല്ലം മധു ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ശ്രീമതി. എലിസബത്ത് ലിസി (ഹെഡ്മിസ്ട്രസ്, ബാലിക മറിയം സ്കൂൾ, കൊല്ലം) സന്ദേശം പങ്കുവെച്ചു. കേരളത്തിന്റെ വിവിധ

ജില്ലകളിൽ നിന്നുള്ള മുന്നൂറിൽപരം യുവനേതാക്കൾ പങ്കെടുത്ത ചടങ്ങിൽ ശ്രീ. ടോമി നെപ്പോളിയൻ (കൗൺസിലർ, പള്ളിത്തോട്ടം ഡിവിഷൻ), ശ്രീ. സജീവ് സോമൻ (കൗൺസിലർ, ഉദയ മാർത്താണ്ടപുരം), ഫാ. മനു മൈക്കിൾ (ഡയറക്ടർ, ഓൾ കേരള ഡോൺ ബോസ്കോ യൂത്ത് സർവീസസ്) എന്നിവർ പങ്കെടുത്തു. ബീച്ച് ക്ലീനിങ്ങിനെ തുടർന്ന് യൂത്ത് മീറ്റ് അംഗങ്ങളുടെ ഫ്ലാഷ്മോബും നടന്നു.






## ഏപ്രിൽ 15, 2024

## കുട്ടികൾക്കായുള്ള ഡോൺ ബോസ്കോ സമ്മർ ക്യാമ്പിന്റെ രണ്ടാം ഘട്ടം നടത്തി

FCDPയുടെ നേതൃത്വത്തിൽ കുട്ടികൾക്കായുള്ള സമ്മർ ക്യാമ്പിന്റെ രണ്ടാം ഘട്ടമായ 10 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് വേണ്ടിയുള്ള സമ്മർ ക്യാമ്പ് ആരംഭിച്ചു. കുട്ടികൾക്ക് അവരുടെ വ്യക്തി വികസനവും ആത്മവിശ്വാസം വളർത്തി എടുക്കുന്നതിനും, അതിലൂടെ അവരുടെ സാമൂഹിക കഴിവുകൾ വളർത്തുന്നതിനും, സൗഹൃദങ്ങൾ കെട്ടിപ്പടുക്കുന്നതിനും ഒരു അവസരം തന്നെയാണ് ഈ ക്യാമ്പിലൂടെ ഒരുക്കിയത്. വിവിധതരം കലാകായിക മത്സരങ്ങളിലൂടെ കുട്ടികളുടെ കഴിവുകൾ പരിപോഷിപ്പിക്കുകയും നല്ലൊരു ഭാവി വാർത്തെടുക്കുന്നതിനും വേണ്ടിയുള്ള കരിയർ ഗൈഡൻസ് ഉൾപ്പെടെയുള്ള ക്ലാസുകൾ കുട്ടികൾക്കായി ഒരുക്കിയിട്ടുണ്ട്. ആരംഭ ദിവസം ഗ്രൂപ്പ് ഡൈനാമിക്സ്, ലൈഫ് സ്കിൽ പരിശീലനം എന്നിവ സംഘടിപ്പിച്ചു. ക്യാമ്പ് ഏപ്രിൽ 15 മുതൽ 22 വരെയായിരുന്നു.





## ഏപ്രിൽ 19, 2024

## വസ്ത്രങ്ങളുടെ പ്രദർശനവും, സൗജന്യ വിതരണവും നടത്തി

വിൻസെന്റ് ഡി പോൾ സൊസൈറ്റി പൂവരണി (കോട്ടയം) വഴി ശേഖരിച്ച വസ്ത്രങ്ങളുടെ പ്രദർശനവും സൗജന്യ വിതരണവും നടത്തി. ഏപ്രിൽ 19, 2024 -ന് രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ FCDP ഹാളിലാണ് താൽപര്യമുള്ളവർക്ക് ആവശ്യാനുസരണം എടുക്കുവാനായി വസ്ത്രങ്ങൾ പ്രദർശനത്തിന് വെച്ചത്. 250-ോളം പേർ ഈ അവസരം പ്രയോജനപ്പെടുത്തി. 400-ൽപ്പരം സാരികൾ, 75-ോളം സെറ്റ് ചുരിദാറുകൾ, 200-ൽ പരം ടോപ്പുകൾ, 500-ോളം ഷർട്ടുകൾ, 150-ൽപ്പരം പാന്റ്, കൂടാതെ നൈറ്റി, ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വസ്ത്രങ്ങൾ, കുഞ്ഞുടുപ്പുകൾ, ബെഡ് ഷീറ്റുകൾ, മുണ്ടുകൾ എന്നിവയും പ്രദർശനത്തിനായി തയ്യാറാക്കിയിരുന്നു.വസ്ത്രങ്ങൾ തരം തിരിച്ച് ഒരുക്കിയത് FCDP-TMS സ്റ്റാഫംഗങ്ങളാണ്. വിൻസെന്റ് ഡി പോൾ സൊസൈറ്റി പൂവരണിയ്ക്ക് പ്രത്യേകം നന്ദി.









## ഏപ്രിൽ 19, 2024

## ഫോട്ടോ ഫ്രെയിമും കീ ചെയിൻ പരിശീലന ക്ലാസും നടത്തപ്പെട്ടു

കെന്നഡി മെമ്മോറിയൽ ലൈബ്രറിയിൽ വനിതാ ശാക്തീകരണത്തിനായി FCDP സംഘടിപ്പിച്ച ഫോട്ടോ ഫ്രെയിമും കീ ചെയിൻ മേക്കിംഗ് പരിശീലന ക്ലാസും സർട്ടിഫിക്കറ്റ് വിതരണത്തോടെ വിജയകരമായി സമാപിച്ചു. ഈ പരിപാടി അവരുടെ സർഗ്ഗാത്മക കഴിവുകൾ വർധിപ്പിക്കുക മാത്രമല്ല, അവരെ സാമ്പത്തികമായി ശാക്തീകരിക്കുകയും നൈപുണ്യ വികസനത്തിനും സംരംഭകത്വത്തിനും ഒരു വേദിയൊരുക്കുകയും ചെയ്തു. സ്ത്രീകൾക്കിടയിൽ സ്വാശ്രയത്വവും ആത്മവിശ്വാസവും വളർത്തുന്നതിനും അവരുടെ മൊത്തത്തിലുള്ള ശാക്തീകരണത്തിനും സാമൂഹിക പുരോഗതിക്കും സംഭാവന നൽകുന്നതിനും ഇത്തരം സംരംഭങ്ങൾ നിർണായകമാണ്. പ്രാർത്ഥനയോടെ സർട്ടിഫിക്കറ്റ് വിതരണ ചടങ്ങ് ആരംഭിച്ചു. കുമാരി. അന്ന സാജു (പ്രോജക്ട് കോർഡിനേറ്റർ, WE-LivE) ഏവരെയും ചെയ്തു സ്വാഗതം ചെയ്തു. തുടർന്ന് ഫാ. ജോബി സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP-TMS) ആമുഖ പ്രസംഗം നടത്തി. ഫാ. ജിതിൻ സെബാസ്റ്റ്യൻ (അസിസ്റ്റന്റ് ഡയറക്ടർ, FCDP), സിസ്റ്റർ. മേരി കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS), ശ്രീമതി. സജിന എസ് (റിസോഴ്സ് പേഴ്സൺ) എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ശേഷം പരിശീലന ക്ലാസിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ശ്രീമതി. മിനി മേരി (കോർഡിനേറ്റർ, TMS) നന്ദി പറഞ്ഞു.





## ഏപ്രിൽ 20, 2024

## ഫുഡ് ഫെസ്റ്റും സർട്ടിഫിക്കറ്റ് വിതരണവും നടത്തി

WYEP പദ്ധതിയുടെ ഭാഗമായി FCDP- യിൽ ഒരാഴ്ച നീണ്ടു നിൽക്കുന്ന ഫിഷ് പ്രോസസ്സിംഗ് ക്ലാസ് സംഘടിപ്പിച്ചു. 2024 ഏപ്രിൽ 20-ന് FCDP ഹാളിൽ നടന്ന ഫുഡ് ഫെസ്റ്റും സർട്ടിഫിക്കറ്റ് വിതരണവും നടത്തി കോഴ്സ് സമാപിച്ചു. ശ്രീമതി. ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP) സ്വാഗതം ആശംസിച്ചു. ഫാ. വർഗീസ് പൈനാടത്ത് (വികാരി, സെന്റ് സ്റ്റീഫൻ ചർച്ച്, തോപ്പ്) അധ്യക്ഷത വഹിച്ചു. ശ്രീ. സ്റ്റീഫൻ (ദേവ് സ്നാക്സ്, കൊല്ലം) ചടങ്ങ് ഉദ്ഘാടനവും ചെയ്യുകയും പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റ് വിതരണവും നടത്തി. കൂടാതെ ശ്രീമതി. സെലിൻ സ്റ്റീഫൻ (ദേവ് സ്നാക്സ്, കൊല്ലം) ഫാ. ജോബി സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP-TMS), ശ്രീ. അജയ് ശങ്കർ (ട്രെയിനർ), ഫാ. ജിതിൻ സെബാസ്റ്റ്യൻ (അസിസ്റ്റന്റ്. ഡയറക്ടർ, FCDP) വേദി പങ്കിട്ടു. നിരവധി ഉപകാരികളെയും അഭ്യുദയകാംക്ഷികളെയും ചടങ്ങിലേക്ക് ക്ഷണിച്ചു. FCDP-TMS ജീവനക്കാരും സന്നിഹിതരായിരുന്നു. പരിശീലനാർഥികൾ തന്നെ തയാറാക്കിയ വൈവിധ്യമാർന്ന ഭക്ഷ്യ വിഭവങ്ങൾ പരിപാടിയിൽ പ്രദർശിപ്പിച്ചു. ബീഫ് ആൻഡ് ചിക്കൻ കട്ലറ്റ്, സമൂസ, ചിക്കൻ സൂപ്പ്, ഫ്രൈഡ് റൈസ്, കപ്പ, മീൻകറി, ചിക്കൻ കറി, ചിക്കൻ സാൻഡ്‌വിച്ച്, ഫിഷ് ഫിംഗർസ്, ചിക്കൻ റോൾ, ഫിഷ് നഗറ്റ്, കപ്പ പുട്ട് എന്നിവ ഫുഡ് ഫെസ്റ്റിന്റെ പ്രത്യേകതകളായിരുന്നു.










**ഏപ്രിൽ 27, 2024**

## രണ്ടാം ഘട്ട ഫുഡ് ഫെസ്റ്റും സർട്ടിഫിക്കറ്റ് വിതരണവും നടത്തി

FCDPയുടെ അഭിമുഖ്യത്തിൽ WYEP പദ്ധതിയുടെ ഭാഗമായി ഒരാഴ്ച നീണ്ടുനിൽക്കുന്ന ഫിഷ് പ്രോസസ്സിംഗ് ക്ലാസ് സംഘടിപ്പിച്ചു. 2024 ഏപ്രിൽ 27 - ന് FCDP ഹാളിൽ നടന്ന ഫുഡ് ഫെസ്റ്റും സർട്ടിഫിക്കറ്റ് വിതരണവും നടത്തി കോഴ്സ് സമാപിച്ചു. ശ്രീമതി മഞ്ജു ജസ്റ്റസ് (ട്രെയിനി, ഫുഡ് പ്രോസസ്സിംഗ്) സമ്മേളനത്തെ സ്വാഗതം ചെയ്തു. ഫാ. ജോബി സെബാസ്റ്റ്യൻ (ഡയറക്ടർ, FC-DP-TMS) അധ്യക്ഷത വഹിച്ചു. ഡോ. സിന്ധ മെൻഡസ് (മുൻ ചെയർപേഴ്സൺ FCDP, TMS ബോർഡ് അംഗം) ചടങ്ങ് ഉദ്ഘാടനം ചെയ്തു, ഡോ. ജെയിംസ് ജോസഫ് (സാമൂഹിക പ്രവർത്തകൻ, ഗവേഷണ പണ്ഡിതൻ) പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ നൽകി. അജയ് ശങ്കർ (ട്രെയിനർ), ഫാ. ജിതിൻ സെബാസ്റ്റ്യൻ (അസിസ്റ്റന്റ്. ഡയറക്ടർ, FCDP), സിനി മേരി കെ (അസിസ്റ്റന്റ്. ഡയറക്ടർ, TMS) എന്നിവർ വേദി പങ്കിട്ടു. നിരവധി ഉപകാരികളാലും അഭ്യുദയകാംക്ഷികളാലും ചടങ്ങ് പ്രശോഭിച്ചു. FCDP-TMS ജീവനക്കാരും സന്നിഹിതരായിരുന്നു. പരിശീലനാർഥികൾ തന്നെ തയാറാക്കിയ വൈവിധ്യമാർന്ന ഭക്ഷ്യവിഭവങ്ങൾ പരിപാടിയിൽ പ്രദർശിപ്പിച്ചു. ബീഫ്, ചിക്കൻ കട്ലറ്റ്, സമൂസ, ചിക്കൻ സൂപ്പ്, കപ്പ, മീൻ കറി, ചിക്കൻ കറി, ചിക്കൻ സാൻഡ്‌വിച്ച്, ഫിഷ് ഫിംഗർ, ചിക്കൻ റോൾസ്, ഫിഷ് നഗറ്റ്സ്, കപ്പ പുട്ട്, കേക്ക്, നൂഡിൽസ് എന്നിവയായിരുന്നു ഫുഡ് ഫെസ്റ്റിന്റെ പ്രധാന ആകർഷണങ്ങൾ.





**മെയ് 8, 2024**

## മൂന്നാം ഘട്ട ഫിഷ് പ്രോസസ്സിംഗ് പരിശീലന ക്ലാസ് നടന്നു

2024 മെയ് 8 - ന്, WYEP പദ്ധതിയുടെ ഭാഗമായ ഫിഷ് പ്രോസസ്സിംഗ് ക്ലാസിന്റെ സമാപന ചടങ്ങുമായി ബന്ധപ്പെട്ട് FCDP ഹാളിൽ ഒരു പ്രത്യേക പരിപാടി നടന്നു. ശ്രീമതി റോസമ്മ മോത്തിസിന്റെ (ട്രെയിനി, ഫുഡ് പ്രോസസ്സിംഗ്) ഊഷ്മളമായ സ്വാഗതത്തോടെയാണ് പരിപാടി ആരംഭിച്ചത്. ഫാ. ജോബി സെബാസ്റ്റ്യൻ, (ഡയറക്ടർ, FCDP-TMS) ചടങ്ങുകൾക്ക് നേതൃത്വം നൽകി, ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ച ശ്രീ. അൻസൽം ബി.വി (റിട്ട. ജോയിന്റ് ഡെവലപ്മെൻറ് കമ്മീഷണർ) പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകളും നൽകി. ശ്രീ. അജയ് ശങ്കർ (പരിശീലകൻ), ഫാ. ജിതിൻ സെബാസ്റ്റ്യൻ (അസിസ്റ്റന്റ്. ഡയറക്ടർ, FCDP), ശ്രീമതി വെറോണിക്ക ആന്റണി (പ്രസിഡന്റ്, TMS) എന്നിവർ ചടങ്ങിൽ പങ്കെടുക്കുകയും മറ്റ് വിശിഷ്ടാതിഥികളുമായി വേദി പങ്കിടുകയും ചെയ്തു.പരിപാടിയിൽ നിരവധി അഭ്യുദയകാംക്ഷികളും അനുഭാവികളും FC-DP-TMS സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു. പരിശീലനാർഥികൾ രുചികരമായ ഭക്ഷണവിഭവങ്ങൾ തയാറാക്കി തങ്ങളുടെ പാചക വൈദഗ്ധ്യം പ്രദർശിപ്പിച്ചത്, ഫുഡ് ഫെസ്റ്റിന്റെ പ്രത്യേകതയായി. ബീഫ്, ചിക്കൻ കട്ലറ്റ്, സമൂസ, ചിക്കൻ സൂപ്പ്, ചോക്ലേറ്റ് കേക്ക്, ചിക്കൻ വട, ബീഫ് ബിരിയാണി, ഇലയപ്പം, കപ്പ, മീൻകറി, ജർമൻ ബോൾ, കേസരി, ചിക്കൻ ഫിംഗേഴ്സ്, കപ്പ പുട്ട്, ഷവർമ, ഉണ്ണിയപ്പം, പുളി സ്ക്വാഷ്, ചെമ്പരത്തി സ്ക്വാഷ്, തുളസി സ്ക്വാഷ്, പച്ചമാങ്ങ സ്ക്വാഷ് തുടങ്ങി വിവിധയിനം വിഭവങ്ങളും ഉൾപ്പെടുന്നു. പരിശീലനാർത്ഥികൾക്ക് തങ്ങളുടെ കഴിവുകളും സർഗ്ഗാത്മകതയും സന്നിഹിതരായ എല്ലാവരുമായും പങ്കുവെക്കുന്നതിനു ള്ള മികച്ച അവസരമായിരുന്നു ഈ പരിപാടി.









**മെയ് 11, 2024**

## ലഘുഭക്ഷണം ഉണ്ടാക്കുന്നതിനുള്ള ദ്വിദിന പരിശീലന ക്ലാസുകൾ സംഘടിപ്പിച്ചു

സ്ത്രീശാക്തീകരണം എന്ന ലക്ഷ്യത്തോടെ FCDP ഹാളിൽ ലഘുഭക്ഷണം ഉണ്ടാക്കുന്നതിനുള്ള പരിശീലന പരിപാടി വിജയകരമായി നടത്തി. സർട്ടിഫിക്കറ്റ് വിതരണത്തോടെ പരിപാടികൾ സമാപിച്ചു. ഇത്തരത്തിലുള്ള പരിപാടി സ്ത്രീകൾക്ക് അവരുടെ സ്വന്തം ലഘുഭക്ഷണ ബിസിനസ്സ് ആരംഭിക്കുന്നതിനുള്ള കഴിവുകളും അറിവും നൽകുന്നു. ഇത് സ്ത്രീകളെ സ്വതന്ത്രരും സംരംഭകരുമായിരിക്കാൻ പ്രോത്സാഹിപ്പിക്കുന്നു, ഇത് സമൂഹത്തെ കൂടുതൽ വൈവിധ്യവും ശക്തവുമാക്കുന്നു. ഈ കഴിവുകൾ പഠിപ്പിക്കുന്നതിലൂടെ, സ്ത്രീകളുടെ സാമ്പത്തിക സുരക്ഷയും അവരുടെ സമൂഹത്തിൽ അവരുടെ സ്ഥാനവും ആത്മവിശ്വാസവും മെച്ചപ്പെടുത്തുന്നതിലൂടെ സമൂഹത്തിന്റെ വിശാലമായ വളർച്ചയും പ്രോഗ്രാം സംഭാവന ചെയ്യുന്നു. പ്രാർത്ഥനയോടെ സർട്ടിഫിക്കറ്റ് വിതരണ ചടങ്ങ് ആരംഭിച്ചു. ശ്രീമതി. ജയലക്ഷ്മി .സി. പിള്ള സ്വാഗതം പറഞ്ഞു. ഫാ. ജോബി സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP-TMS) ആമുഖ പ്രസംഗവും ഫാ. ജിതിൻ സെബാസ്റ്റ്യൻ (അസി. ഡയറക്ടർ, FCDP), ശ്രീ. അജയ്ശങ്കർ (ട്രെയിനർ) എന്നിവർ ആശംസകൾ നേർന്നു. കുമാരി. അന്ന സാജു (പ്രോജക്ട് കോർഡിനേറ്റർ, WE-LivE) നന്ദി രേഖപ്പെടുത്തി.





**മെയ് 17, 2024**

## ഡോ. ആർ. റോണക്കിനെ ആദരിച്ചു

കൊല്ലം കേന്ദ്രമായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര ബ്രാൻഡായ ദേവ് സ്നാക്സ് മാനേജിങ് ഡയറക്ടർ ഡോ. ആർ. റൊണാക്കിനെ തീരദേശ സംഘടനകളായ FCDP, TMS, ഡോൺ ബോസ്കോ യൂത്ത് ഫോറം എന്നിവ സംയുക്തമായി ആദരിച്ചു. 17/05/2024 ന് മുണ്ടയ്ക്കൽ ഡോൺ ബോസ്ക്കോ ബോയ്സ് ഹോമിൽ വെച്ച് നടത്തിയ ചടങ്ങിൽ ഫാ. സ്റ്റീഫൻ മുക്കാട്ടിൽ (റെക്ടർ, ഡോൺ ബോസ്കോ സ്ഥാപനം), ഡോ. ആർ. റൊണക്കിനെ പൊന്നാട അണിയിക്കുകയും ശ്രീമതി. ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP) മെമെന്റോ കൈമാറുകയും ചെയ്തു. അസ്സൈക യൂണിവേഴ്സിറ്റിയിൽ നിന്നും ഓണററി ഡോക്ടറേറ്റ് ലഭിച്ച ഡോ. റോണക് നിരവധി അവാർഡുകൾ സംരംഭകത്വ മേഖലയിൽ നേടിയിട്ടുണ്ട്. ഫാ. ജോബി സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP), ഫാ. ജിതിൻ സെബാസ്റ്റ്യൻ (അസിസ്റ്റന്റ് ഡയറക്ടർ, FCDP), ഫാ. പി. ഒ വർഗീസ് (വികാരി, സെന്റ് സ്റ്റീഫൻസ് ചർച്ച്, തോപ്പ്), സിസ്റ്റർ. മേരി കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS), ശ്രീമതി. വേറോണിക്ക ആന്റണി (പ്രസിഡന്റ്, TMS), ബോർഡ് & സ്റ്റാഫ് എന്നിവർ ചടങ്ങിൽ പക്കെടുത്തു.






**മെയ് 20, 2024**

## ജോബി അച്ചന് FCDP കുടുംബത്തിന്റെ യാത്രയയപ്പ്

കഴിഞ്ഞ 8 വർഷക്കാലം FCDP യുടെ ഡയറക്ടറായി സേവനമനുഷ്ഠിച്ച് FCDP യുടെ പ്രവർത്തനങ്ങളിൽ സജീവമായി നിന്ന ജോബി അച്ചന് യാത്രയയപ്പ് നൽകി. കൊല്ലം തീരദേശ സമൂഹത്തിൻറെ മുഖച്ഛായ തന്നെ മാറ്റി എടുക്കുകയും, സ്ത്രീകൾക്കായി വിവിധതരത്തിലുള്ള പദ്ധതികൾ വിഭാവനം ചെയ്തുകൊണ്ട് അതിലൂടെ സ്ത്രീ ശാക്തീകരണം ഉറപ്പ് വരുത്തുകയും ചെയ്ത വ്യക്തിയാണ് ജോബി അച്ചൻ. FCDP യുടെ സാമൂഹിക പ്രതിബദ്ധതയുടെ പ്രതീകമായ വിശപ്പിന് വിട, ഉജ്ജീവിനി, സ്വാന്ത്വനം എന്നീ പദ്ധതികളുടെ അമരക്കാരനായിരുന്നു അച്ചൻ. അച്ചന്റെ ആശയങ്ങൾ നടപ്പാക്കാൻ തക്ക വലുപ്പമുണ്ടോ കൊല്ലം തീരദേശത്തിനെന്ന് തോന്നിപ്പോകുന്ന തരത്തിലുള്ള പ്ര

വർത്തനങ്ങളാണ് അദ്ദേഹം കാഴ്ച്ച വച്ചത്. ഫാ. ജിതിൻ സെബാസ്റ്റ്യൻ (അസിസ്റ്റന്റ് ഡയറക്ടർ, FCDP) യോഗത്തിൽ പങ്കെടുത്ത എല്ലാവരെയും സ്വാഗതം ചെയ്തു. ശ്രീമതി. ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP) അധ്യക്ഷത വഹിച്ച ചടങ്ങിൽ മോൺ. വിൻസെന്റ് മെച്ചാഡോ മുഖ്യപ്രഭാഷണം നടത്തുകയും, ജോബി അച്ചന്റെ നിസ്വാർത്ഥമായ സേവനത്തിനു പൊന്നാട ആണിയിച്ച് ആദരിക്കുകയും ചെയ്തു. ഫാ. സ്റ്റീഫൻ മുക്കാട്ടിൽ പ്രശസ്തി ഫലകം നൽകി. ചടങ്ങിൽ ശ്രീമതി. വെറോണിക്ക ആന്റണി (പ്രസിഡന്റ്, TMS), ശ്രീ. മിൽട്ടൺ (ബോർഡ് മെമ്പർ, FCDP), ശ്രീ. സജീവ് സോമൻ (കൗൺസിലർ, ഉദയ മാർത്താണ്ഡപുരം ഡിവിഷൻ), ശ്രീ. ടോമി നെപ്പോളിയൻ (കൗൺസിലർ, പള്ളിത്തോട്ടം), ശ്രീ. ആഷിക് (മാനേജർ, പിയാജിയോ), ഡോ. പോൾ (ബിഷപ്പ് ബെൻസിഗർ ഹോസ്പിറ്റൽ) എന്നിവരും ശ്രീമതി. ഗ്രെറ്റ രാജു (കോഡിനേറ്റർ, FCDP), ശ്രീമതി. മിനി മേരി (കോഡിനേറ്റർ, TMS), ശ്രീ.ജോ ലൂയിസ് (അസിസ്റ്റന്റ് മാനേജർ, FCDS), ശ്രീമതി. സിന്ധു ജെറാൾഡ് (സൂപ്പർവൈസർ, വിശപ്പിന് വിട), ശ്രീമതി. ബിന്ദു ഹാരിസൺ (കോർഡിനേറ്റർ, DBCF), ശ്രീ.സാബു സ്റ്റാലിൻ (DBYF അംഗം) എന്നിവർ അച്ചന് ആശംസകൾ നൽകി. കോസ്റ്റൽ മെലഡീസ്, DBYF, DBCF, FCDS, FCDP അംഗങ്ങളുടെ വിവിധ കലാപരിപാടികൾ നടന്നു. അതിനു ശേഷം FCDP, TMS, FCDS, വിശപ്പിന് വിട സ്റ്റാഫ് അംഗങ്ങളുടെ സ്നേഹസമ്മാനങ്ങൾ അച്ചന് നൽകി. സി. മേരി കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS) ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു. സ്റ്റാഫ് ,ബോർഡ് അംഗങ്ങൾ, വിശപ്പിന് വിട ഉപകാരികൾ, DBYF, DBCF അംഗങ്ങൾ ഉൾപ്പെടെ നൂറിൽ പരം ആളുകൾ പങ്കെടുത്തു.





**മെയ് 21, 2024**

## ഡോൺ ബോസ്കോ സമ്മർ ക്യാമ്പ് മൂന്നാം ഘട്ടം പൂർത്തിയായി

മെയ് 14 മുതൽ 21 വരെ 7-9 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി FCDP ഒരു വേനൽക്കാല ക്യാമ്പ് സംഘടിപ്പിച്ചു. 50-ലധികം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ഇത് അവരുടെ കഴിവുകൾ കണ്ടെത്താനും ആത്മവിശ്വാസം വളർത്താനും പ്രധാനപ്പെട്ട സാമൂഹിക കഴിവുകൾ വികസിപ്പിക്കാനും സഹായിച്ചു. കരിയർ ഗൈഡൻസ് സെഷനുകൾ, രസകരമായ മത്സരങ്ങൾ, അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ എന്നിവ ക്യാമ്പിൽ ഉൾപ്പെടുത്തി. ഇന്ററാക്ടീവ് ഗ്രൂപ്പ് ആക്ടിവിറ്റികളും ലൈഫ് സ്കിൽ സെഷനുകളും ഉൾപ്പെട്ട ക്യാമ്പിന്, ഡീക്കൻ. എബിൻ എബ്രഹാം നേതൃത്വം നൽകി. വിദ്യാർഥികൾ സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും ഏറ്റുവാങ്ങുന്ന ചടങ്ങോടെ ക്യാമ്പ് സമാപിച്ചു. വിശിഷ്ടാതിഥികളായ ശ്രീമതി. സൂസൻ ലാൽ (അധ്യാപിക), ഫാ. സ്റ്റെഫി ഫ്രാൻസിസ് (ഡയറക്ടർ, ഡ്രീം) എന്നിവർ ചടങ്ങിൽ പങ്കെടുത്തു.





**മെയ് 21, 2024**

## ഫ്ലാഷ്മോബ് സംഘടിപ്പിച്ചു

ഫിഷർമെൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമും ഡ്രീം കൊല്ലവും ചേർന്ന് ചിന്നക്കട ക്ലോക്ക് ടവറിൽ പുകയിലയുടെ അപകടങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ഫ്ലാഷ്മോബ് സംഘടിപ്പിച്ചു. ശ്രീ. സനൽ വെള്ളിമൺ (ചെയർപേഴ്സൺ, CWC കൊല്ലം) എന്നിവർ ചടങ്ങിൽ സംസാരിച്ചു. 2024ലെ ലോക പുകയില വിരുദ്ധ ദിനത്തിന്റെ ആപ്തവാക്യം പുകയില വ്യവസായ ഇടപെടലിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുക' എന്നതാണ്. കുട്ടികളിലും യുവാക്കളിലും പുകയിലയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കാനും പുകയില ആസക്തിക്കെതിരായ പോരാട്ടത്തിൽ പങ്കാളികളാകാൻ എല്ലാവരേയും പ്രോത്സാഹിപ്പിക്കാനും ആണ് പരിപാടി ലക്ഷ്യമിട്ടത്.





**മെയ് 22, 2024**

## DBCF വിനോദയാത്ര സംഘടിപ്പിച്ചു

22/06/24 ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറത്തിലെ (DBCF) അംഗങ്ങളും ആനിമേറ്റേഴ്സും ചേർന്ന് ഹാപ്പി ലാൻഡിലേക്ക് വിനോദയാത്ര നടത്തി. ചിൽഡ്രൻസ് ഫോറം ഗ്രൂപ്പിലെ പങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട 49 അംഗങ്ങളും 7 ആനിമേറ്റേഴ്സും ചേർന്നായിരുന്നു യാത്ര. ഡീ. എബിൻ എബ്രഹാമിന്റെ നേതൃത്വത്തിലുള്ള യാത്ര വളരെയധികം രസകരവും ആഹ്ലാദപരവും ആയിരുന്നു. വിവിധതരം റൈഡുകളിലും വാട്ടർ റൈഡുകളിലും സ്വിമ്മിംഗ് പൂളിലും ഒക്കെയായി കുട്ടികൾ ദിവസം ചെലവഴിച്ചു.





**മെയ് 30, 2024**

## FCDP യുവാക്കൾക്കായി വിനോദയാത്ര സംഘടിപ്പിച്ചു

വേനൽ കാലത്തോട് അനുബന്ധിച്ച് കുട്ടികൾക്കായി നടത്തിയ സമർ ക്യാമ്പിലുള്ള പങ്കാളിത്തവും, കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തങ്ങളും പരിഗണിച്ച് യുവാക്കൾക്കായി, മെയ് 30 ന് ഡീക്കൻ എബിൻ എബ്രഹാമിന്റെ നേതൃത്വത്തിൽ ഡ്രീം വേൾഡിലേക്ക് വിനോദയാത്ര സംഘടിപ്പിച്ചു. സാഹസികം നിറഞ്ഞതും ഉല്ലാസകരവുമായ യാത്രയിൽ ഡോൺ ബോസ്കോ യൂത്ത് ഫോറം കോർഡിനേറ്റർമാരും യുവാക്കളും ഉൾപ്പെടെ 15 പേർ യാത്രയിൽ പങ്കെടുത്തു.






**ജൂൺ 1, 2024**

## പുതിയ അധ്യായന വർഷത്തിലേക്കുള്ള പഠനോപകരണങ്ങൾ

FCDP - TMS സംഘടനകളുടെ പ്രതീക്ഷ പദ്ധതിയുടെ ഭാഗമായി പുതിയ അധ്യായന വർഷത്തിലേക്ക് കടക്കുന്ന 100-ൽ പരം വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. പഠനത്തിൽ കഴിവും, താല്പര്യവുമുള്ള, എന്നാൽ, വിദ്യാഭ്യാസം മുന്നോട്ടു കൊണ്ടുപോകുന്നതിന് സാമ്പത്തികമായി ബുദ്ധിമുട്ടുന്ന തീരദേശ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിർധനരായ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന പദ്ധതിയാണ് പ്രതീക്ഷ. FCDP ഹാളിൽ വെച്ച് ശ്രീമതി. ആഗ്നസ് ജോണിന്റെ (ചെയർപേഴ്സൺ, FCDP) അധ്യക്ഷതയിൽ നടന്ന പരിപാടിയിൽ കൊല്ലത്തിന്റെ ആദരണീയയായ മേയർ ശ്രീമതി. പ്രസന്ന ഏണസ്റ്റ്, ഭദ്ര ദീപം കൊളുത്തി ചടങ്ങ് ഉദ്ഘാടനം ചെയ്തു. 2023-24 അധ്യായന വർഷത്തിൽ SSLC, പ്ലസ് ടു ക്ലാസുകളിൽ ഉയർന്ന വിജയം നേടിയ കുട്ടികളെ ചടങ്ങിൽ വെച്ച് ബഹുമാനപ്പെട്ട മേയർ ആദരിച്ചു. തുടർന്ന് FCDP യുടെ ഭാഗമായി പ്രവർത്തിക്കുന്ന ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറത്തിലെ നിർധനരും, അർഹതപ്പെട്ടവരുമായ വിദ്യാർത്ഥികൾക്ക്, ബഹുമാനപ്പെട്ട മേയർ പഠനോപകരണങ്ങൾ വിതരണം ചെയ്തു. ഫാ. സ്റ്റീഫൻ മുക്കാട്ടിൽ (റെക്ടർ, ഡോൺ ബോസ്കോ ഇൻസ്റ്റിറ്റ്യൂഷൻസ്), ഫാ. ജിതിൻ സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP-

ശ്രീ. ടോമി നെപ്പോളിയൻ (കൗൺസിലർ, പള്ളിത്തോട്ടം), ശ്രീമതി. ലെറ്റീഷ്യ മാർട്ടിൻ (നിയുക്ത പ്രസിഡന്റ്, TMS), ശ്രീ. മിൽട്ടൺ സ്റ്റീഫൻ (ബോർഡ് മെമ്പർ, FCDS), ഫാ. തോമസ് (അസിസ്റ്റന്റ്. വികാരി, സെന്റ് സ്റ്റീഫൻസ് ചർച്ച് തോപ്പ്), എന്നിവർ ആശംസ അറിയിച്ചു. ചടങ്ങിൽ FCDP- TMS സ്റ്റാഫ് അംഗങ്ങളും, ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറം കോർഡിനേറ്ററും, ആനിമേറ്റേഴ്സും പങ്കെടുത്തു.





**ജൂൺ 5, 2024**

## ലോക പരിസ്ഥിതി ദിനം ആദരിച്ചു

ലോക പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് FCDP യുടെ ആഭിമുഖ്യത്തിൽ FCDP ഓഫീസ് വളപ്പിലും വിശപ്പിന് വിട ഓഫീസ് പരിസരത്തും ഫല വൃക്ഷ തൈകൾ നട്ടു. 05/06/2024 രാവിലെ 11 മണിക്ക് ഫാ. ജിതിൻ സെബാസ്റ്റ്യന്റെ (ഡയറക്ടർ, FCDP) നേതൃത്വത്തിലാണ് ഇവ സംഘടിപ്പിച്ചത്. 'ഭൂമി പുനഃസ്ഥാപിക്കൽ, മരുഭൂവൽക്കരണ നിർമ്മാജനം, വരൾച്ചാ പ്രതിരോധശേഷി എന്നിവയാണ് ഇത്തവണത്തെ പരിസ്ഥിതി ദിന സന്ദേശം. മനുഷ്യന്റെ അലസമായ ജീവിത ശൈലിയിലൂടെ പരിസ്ഥിതിയിൽ ഉണ്ടാകുന്ന മലിനീകരണം ഉൾപ്പെടെയുള്ള പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണത്തിനും അതിനെ പ്രതിരോധിക്കാനുള്ള മാർഗ്ഗനിർദ്ദേശവും നൽകുക എന്ന ആശയത്തെ ഉൾക്കൊണ്ടു കൊണ്ടാണ് FCDP പരിപാടി സംഘടിപ്പിച്ചത്. സിസ്റ്റർ. മേരി കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS), ശ്രീമതി. ഗ്രെറ്റ രാജു (കോർഡിനേറ്റർ, FCDP), ശ്രീമതി. മിനി മേരി ( കോർഡിനേറ്റർ, TMS), ശ്രീ. ജോ ലൂയിസ് (മാനേജർ, FCDS), FCDP - TMS, വിശപ്പിന് വിട സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.





**ജൂൺ 8, 2024**

## FCDP യുടെ പുതിയ ഭരണസമിതി അധികാരമേറ്റു

2024- 2026 കാലഘട്ടത്തിലേക്കുള്ള FCDPയുടെ പുതിയ ഭരണസമിതി, 8/06/2024 ശനിയാഴ്ച വൈകുന്നേരം അഞ്ചുമണിക്ക് FCDP ഹാളിൽ വെച്ച് നടന്ന സംയുക്ത ഭരണസമിതി യോഗത്തിൽ അധികാരമേറ്റു. 21/05/2024 കൂടിയ പൊതു സമിതിയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ടെറൻസ് ബെനഡിക്റ്റ്, ശ്രീ. ജസ്റ്റിൻ ജോസഫ്, ശ്രീ. സുശീലൻ എം, ശ്രീ. ക്ലീറ്റസ് അമൃത്, ശ്രീ. അംബ്രോസ് മാർട്ടിൻ, ശ്രീ. ഫ്രഡി സെബാസ്റ്റ്യൻ, ഡോ. തോമസ് വില്യം, ഡോ. സിന്ധാ മെൻഡെസ്, ശ്രീ. ടോമി ജോസഫ് എന്നിവരാണ് പുതിയ ഭരണസമതി അംഗങ്ങൾ. തുടർന്ന് നടന്ന പുതിയ ഭരണസമിതിയിൽ എക്സ് - ഒഫീഷ്യോമാരായി, ഫാ. സ്റ്റീഫൻ മുക്കാട്ടിൽ (റെക്ടർ, ഡോൺ ബോസ്കോ ഇൻസ്റ്റിറ്റ്യൂഷൻസ്), സി. ആനി ജോസഫ് (സുപ്പീരിയർ, സ്നേഹ കിരൺ കോൺവെന്റ്, തോപ്പ്), ശ്രീമതി. ലക്റ്റീഷ്യ മാർട്ടിൻ (പ്രസിഡന്റ്, TMS) എന്നിവർ സ്ഥാനമേറ്റു. വൈസ് ചെയർ പേഴ്സണായി ശ്രീ. അംബ്രോസ് മാർട്ടിൻ, സെക്രട്ടറി ആയി ഡോ. സിന്ധാ മെൻഡെസ്, ട്രഷററായി ശ്രീ. ടോമി ജോസഫ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ, ശ്രീമതി. ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP) സ്വാഗതമാശംസിക്കുകയും, ശ്രീ. മിൽട്ടൺ (മുൻ ബോർഡ് മെമ്പർ, FCDP) റിപ്പോർട്ട് വായിക്കുകയും ചെയ്തു. യോഗ ചർച്ചകൾക്ക് ശേഷം, ശ്രീ. അംബ്രോസ് മാർട്ടിൻ നന്ദി പറയുകയും, 6:30 യോടെ കൂടി യോഗം അവസാനിക്കുകയും ചെയ്തു.





**ജൂൺ 11, 2024**

## TMS ന്റെ പുതിയ ഭരണസമിതി അധികാരമേറ്റു

2024- 2026 കാലഘട്ടത്തിലേക്കുള്ള TMS ന്റെ പുതിയ ഭരണസമിതി, 11/06/2024 ചൊവ്വാഴ്ച ഉച്ചക്ക് 2:30 ക്ക് FCDP ഹാളിൽ വെച്ച് നടന്ന സംയുക്ത ഭരണസമിതി യോഗത്തിൽ അധികാരമേറ്റു. ശ്രീമതി. ആഗ്നസ് ജോൺ, ഡോ. സിന്ധാ മെൻഡെസ്, ശ്രീമതി. റോസി നിക്സൺ, ശ്രീമതി. ലിജ വിൽസൺ, ശ്രീമതി. മഞ്ജു ജസ്റ്റസ്, ശ്രീമതി. ഷേർലി ജോസ്, ശ്രീമതി. ഗീത യേശുദാസ്, ശ്രീമതി. ബിന്ദു സ്റ്റാലിൻ, ശ്രീമതി. റോസി സൈമൺ, ശ്രീമതി. ലില്ലി ഡഗ്ലസ് എന്നിവരാണ് പുതിയ ഭരണസമതി അംഗങ്ങൾ. പ്രസിഡന്റ് ആയി ശ്രീമതി. ലക്റ്റീഷ്യ മാർട്ടിൻ, വൈസ് പ്രസിഡന്റ് ആയി ശ്രീമതി. ടെൽമ ഡഗ്ലസ്, ട്രഷററായി ശ്രീമതി. മെർട്ടിൽ മോത്തീസ് എന്നിവരെ തെരഞ്ഞെടുത്തു. ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ, ശ്രീമതി. വെറോണിക്ക ആന്റണി (മുൻ പ്രസിഡന്റ്, TMS) സ്വാഗതമാശംസിക്കുകയും, സി. മേരി. കെ (അസിസ്റ്റന്റ്. ഡയറക്ടർ, TMS) റിപ്പോർട്ട് വായിക്കുകയും ചെയ്തു. യോഗ ചർച്ചകൾക്ക് ശേഷം, ശ്രീമതി. ടെൽമ ഡഗ്ലസ് (വൈസ് പ്രസിഡന്റ്, TMS) നന്ദി പറയുകയും, 3:30 യോടെ കൂടി യോഗം അവസാനിക്കുകയും ചെയ്തു.





**ജൂൺ 18, 2024**

## തയ്യൽ യൂണിറ്റ് – FCDP യുടെ പുതിയ സംരഭം

സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി FCDPTMS FCDS സംഘടനകൾ ചേർന്ന് സ്ത്രീകൾക്കായി പുതിയ തയ്യൽ യൂണിറ്റ് കെന്നഡി മെമ്മോറിയൽ ലൈബ്രറിയിൽ ആരംഭിച്ചു. ഫാ. സ്റ്റീഫൻ മുക്കാട്ടിൽ (റെക്ടർ, ഡോൺ ബോസ്കോ), ആശീർവാദ കർമ്മം നിർവഹിച്ച ചടങ്ങിലേക്ക് ശ്രീമതി. ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP) എല്ലാവരെയും സ്വാഗതം ചെയ്തു. ചടങ്ങിൽ പങ്കെടുത്തവർക്ക് സി. മേരി. കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS) കൃതജ്ഞത അർപ്പിച്ചു. ഫാ. ജിതിൻ സെബാസ്റ്റ്യൻ (ഡയറക്ടർ, FCDPTMS), ഫാ. വർഗീസ് പൈനാടത്ത് (വികാരി, സെന്റ് സ്റ്റീഫൻസ് പള്ളി, തോപ്പ് ), ശ്രീ. ആംബ്രോസ് (ബോർഡ് മെമ്പർ, FCDP), സ്റ്റാഫ് അംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.





**ജൂൺ 21, 2024**

## അന്താരാഷ്ട്ര യോഗ ദിനം ആചരിച്ചു

FCDP യുടെ നേതൃത്വത്തിലുള്ള ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറം ക്വയിലോൺ റോട്ടറി ക്ലബ്ബുമായി സഹകരിച്ച് 21/06/2024 വെള്ളിയാഴ്ച രാവിലെ 6 മണിക്ക് ക്വയിലോൺ റോട്ടറി ക്ലബ്ബിൽ വെച്ച് അന്താരാഷ്ട്ര യോഗ ദിനം ആചരിച്ചു. നിരവധി അന്താരാഷ്ട്ര വേദികളിൽ യോഗ പരിശീലനം നൽകിയിട്ടുള്ള ശ്രീ. ബിജു ഗോപാലകൃഷ്ണ പിള്ളയാണ് യോഗ പരിശീലനത്തിന് നേതൃത്വം നൽകിയത്. ശ്രീമതി. ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP) അധ്യക്ഷത വഹിച്ച ചടങ്ങിൽ ഫാ. ജിതിൻ സെബാസ്റ്റ്യൻ (ഡയറക്ടർ, FC-DPTMS ) ആശംസകൾ നേർന്നു. ഒരു മണിക്കൂറോളം നീണ്ടു നിന്ന പരിപാടിയിൽ ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറത്തിൽ നിന്നും 120 ഓളം കുട്ടികൾ പങ്കാളികളായി. DBC റോക്സ്റ്റാറിൽ നിന്നും കുമാരി. അലീന സ്വാഗതവും, DBC തണ്ടേഴ്സിൽ നിന്നും സനു നന്ദി അറിയിക്കുകയും ചെയ്തു. ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറം ആനിമേറ്റേഴ്സ്, FCDP-TMS സ്റ്റാഫ് അംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.





**ജൂൺ 29, 2024**

## മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

FCDP യുടെയും ബിഷപ്പ് ബെൻസിഗർ കോളേജ് ഓഫ് നഴ്സിങ്ങിന്റെയും സംയുക്ത അഭിമുഖത്തിൽ ന്യൂട്രിഷണൽ ഡെമോൺസ്ട്രേഷണൽ പ്രോഗ്രാം FC-DPയിൽ വെച്ച് സംഘടിപ്പിച്ചു. തിരക്കേറിയ ജീവിതവും ശരിയായ ഭക്ഷണക്രമം ഇല്ലായ്മയും മൂലം ഇന്നത്തെ സമൂഹത്തിന് ഭാവിയിൽ നേരിടേണ്ടി വരുന്ന ജീവിത ശൈലി രോഗങ്ങളെ കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നതാണ് ഈ പ്രോഗ്രാമിന്റെ ലക്ഷ്യം. കൂടാതെ ഡയബറ്റിക്, ഹൈപ്പർടെൻഷൻ എന്നിവ പരിശോധിക്കുന്നതിനായി നോൺ കമ്മ്യൂണിക്കൽ ഡിസീസ് ക്ലിനിക് (NCD) സേവനവും നൽകിയിരുന്നു. കൊല്ലം ബിഷപ്പ് ബെൻസിഗർ കോളേജ് ഓഫ് നഴ്സിംഗ് നിന്നുള്ള 25 നഴ്സിംഗ് വിദ്യാർഥികളുടെയും രണ്ട് അസിസ്റ്റന്റ് പ്രൊഫസർമാരായ ശ്രീമതി. അമല.എം, ശ്രീമതി. ജ്യോതി ലക്ഷ്മി.ജെ എന്നിവരുടെ നേതൃത്വത്തിലാണ് ഈ പരിപാടി നടത്തിയത്. പരിപാടിയിൽ 50 ൽ പരം ആളുകൾ പങ്കെടുത്തു.





**ജൂൺ 29, 2024**

## TMS അസിസ്റ്റന്റ് ഡയറക്ടറിന്റെ ജന്മദിനം ആഘോഷിച്ചു

FCDP-TMS കുടുംബം TMS അസിസ്റ്റന്റ് ഡയറക്ടർ സി. മേരിയുടെ ജന്മദിനം 2024 ജൂൺ 29 – ന് ആഘോഷിച്ചു. സിസ്റ്ററിന്റെ സംഘടന പ്രവർത്തനങ്ങളിലുള്ള നിസ്വാർത്ഥ സേവനത്തിനും പിന്തുണയ്ക്കും FCDP-TMS കുടുംബം എന്നും കടപ്പെട്ടിരിക്കുന്നു. വരും വർഷങ്ങളിൽ നല്ല ആരോഗ്യവും സന്തോഷവും ഞങ്ങൾ നേരുന്നു!





## നന്ദിയോടെ



ദീർഘവീക്ഷണമുള്ള നേതൃത്വം, മാർഗ്ഗനിർദ്ദേശം,
അചഞ്ചലമായ പിന്തുണ എന്നിവയിലൂടെ സ്ഥാപനത്തിന്റെ
ശ്രദ്ധേയമായ വളർച്ചയിൽ, നിർണായകമായ പങ്ക് വഹിച്ച
ഞങ്ങളുടെ ഡയറക്ടർ ഫാ. ജോബി സെബാസ്റ്റ്യന്
ഹൃദയംഗമമായ നന്ദി രേഖപെടുത്തുന്നു.
അച്ചന്റെ പുതിയ തുടക്കങ്ങൾക്ക് വിജയവും സന്തോഷവും നേരുന്നു.

# ഗ്യാലറി

































# ഉജ്ജീവനി  വൃക്ക രോഗികൾക്ക് ഒരു കൈത്താങ്ങ്



നിങ്ങൾക്ക് എങ്ങനെ ഉജ്ജീവനിയുടെ ഭാഗമാകാം?

നിങ്ങളുടെ പരിചയത്തിലുള്ള വൃക്ക രോഗികൾക്ക് ഈ പദ്ധതി നിർദ്ദേശിക്കാം.
നിങ്ങൾക്ക് സാമ്പത്തികമായി ഈ പദ്ധതിയിലേക്ക് സംഭാവന നൽകാം

ഒരു ഡയാലിസിസിന്റെ തുക 500 രൂപ
ഒരു മാസം 500*12 = 6000രൂപ

ഒറ്റ തവണയായി ഏതു തുകയും സ്വീകരിക്കും

നിങ്ങളുടെ സംഭാവന ഞങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്
ആദായനികുതി നിയമം 1961. സെക്ഷൻ 80 പ്രകാരം നിങ്ങൾക്ക് നികുതി ഇളവ് നേടാൻ കഴിയും.

## ഫിഷർമെൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം

**അക്കൗണ്ട് നമ്പർ : 046010011001598**
**IFSC: UBIN0804606**
ബാങ്ക് : യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ
ബ്രാഞ്ച് : ബീച്ച് റോഡ്,കൊല്ലം
**80 G NO: AAATF0499E23KC01**

FISHERMEN COMMUNITY DEVELOPMENT PROGRAMME (FCDP) & THEERADESHA MAHILA SOCIETY (TMS)
(Reg No.Q. 771/84, Q. 1039/95) Canal Road
0474-2750652, 6360544503, 9885240938
office@fcdpindia.com, tmsfcdpkollam@gmail.com
Follow us on